15
2024
നവംബർ
വെള്ളി
തുലാം 30

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-6, Issue No.9 Page 4, | Price: Rs. 2 | പുസ്തകം-6 ലക്കം-9 | പേജ് 4. വില 2.00 രൂപ








02 വൈവിധ്യങ്ങളും ബഹുസ്വരതയും ഉൾക്കൊണ്ട് മുന്നേറാൻ ചാച്ചാ നെഹ്റു പ്രചോദനം: മന്ത്രി

03 തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനെ മർദിച്ച സ്ഥാനാർഥി അറസ്റ്റിൽ

04 ആരോഗ്യകരമായ ശരണയാത്ര: ശബരിമല കയറും മുമ്പേ ഇക്കാര്യങ്ങൾ അറിയണം


# മത്തി വില കുത്തനെ താഴേക്ക്

കൊച്ചി: കിലോയ്ക്ക് 400 കടന്ന മത്തിക്ക് കുത്തനെ വിലയിടിഞ്ഞ് 15 രൂപയായി കുറഞ്ഞു. വള്ളക്കാർ കാത്ത് കാത്തിരുന്ന് നിറയെ മത്തി കിട്ടിയപ്പോൾ വിലയാണെങ്കിൽ കുറഞ്ഞു.

ചെല്ലാനം ഹാർബറിൽ നിന്നു മത്സ്യബന്ധനത്തിന് പോയ അർത്തുങ്കൽ മുതൽ പള്ളിത്തോട് വരെയുള്ള നൂറുകണക്കിന് മത്സ്യത്തൊഴിലാളികളെയാണ് വിലയിടിവ് കാരണം ദുരിതത്തിലാക്കിയത്. മൂന്ന് മാസം മുൻപ് 400 രൂപവരെ വിലയാണ് ഉയർന്നത്. എന്നാൽ കഴിഞ്ഞ ദിവസം ഒരു കിലോഗ്രാം മത്തി 15 രൂപയ്ക്കാണ് ചെല്ലാനം ഹാർബറിൽ നിന്നും മൊത്ത ഏജൻസികൾ എടുത്തത്.



അമിതമായി മത്തി വള്ളക്കാർക്ക് ലഭിക്കുന്നതിനാൽ കുറഞ്ഞ വിലയ്ക്കു മത്തിയെടുക്കാൻ ഇതര സംസ്ഥാനങ്ങളിലെ ഉണക്കിപൊടിക്കുന്ന മീൻതീറ്റ നിർമാണ കമ്പനിയിൽ നിന്നുള്ള കവചിത ലോറികൾ ഒട്ടേറെയാണ് ഹാർബറിൽ നിരയായി കിടക്കുന്നത്.

മത്സ്യബന്ധന വള്ളങ്ങൾക്കു സുലഭമായി ലഭിക്കുന്ന മത്തിക്ക് ഹാർബറിൽ കിലോഗ്രാമിനു തുച്ഛമായ വിലയ്ക്കു വിറ്റഴിയുമ്പോൾ പൊതുമാർക്കറ്റുകളിലും മീൻ കടകളിലും കിലോഗ്രാമിനു 100 മുതൽ 150 രൂപവരെ വില ഈടാക്കുന്നതായി ഉപഭോക്താക്കൾ പറയുന്നു.

നീണ്ട ഇടവേളയ്ക്കു ശേഷമാണ് ഹാർബറിൽ നിന്നും കടലിൽ പോകുന്ന വള്ളങ്ങൾക്കു മത്തി ചാള സുലഭമായി ലഭിക്കുന്നത്. മത്തിയോടപ്പം അയലയും ചെറിയ തോതിൽ ലഭിക്കുന്നുണ്ട്. കടലിൽ നിന്നു പിടിച്ചു കൊണ്ടുവരുന്ന മത്സ്യത്തിനു പലപ്പോഴും വില കുത്തനെ ഇടിയുന്നത് തൊഴിലാളികളെ നിരാശരാക്കുന്നു. മത്തി മാത്രം കുടുതലായി ലഭിക്കുന്നതു കാരണം വള്ളങ്ങൾ ഭൂരിഭാഗവും ഉച്ചയ്ക്കു മുൻപേ പണി നിർത്തുകയാണ്.

ആലപ്പുഴ അർത്തുങ്കൽ മുതൽ കൊച്ചി വരെയുള്ള നൂറുകണക്കിനു വള്ളങ്ങളാണ് ചെല്ലാനം ഹാർബർ കേന്ദ്രീകരിച്ചു മത്സ്യബന്ധനം നടത്തുന്നത്.

പൊതു മാർക്കറ്റുകളിലും മറ്റും ഇത്തരത്തിൽ വില വരുമ്പോൾ മത്സ്യത്തിനു ന്യായമായ വില ലഭിക്കുന്ന തരത്തിൽ സർക്കാർ സംവിധാനമാണ് ഹാർബറിൽ ഏർപ്പെടുത്തണമെന്നാണ് മത്സ്യത്തൊഴിലാളികളുടെ ആവശ്യം.

# 31 തദ്ദേശ വാർഡുകളിൽ ഉപതിരഞ്ഞെടുപ്പ് ഡിസംബർ 10 ന്

സംസ്ഥാനത്തെ 31 തദ്ദേശ വാർഡുകളിലെ ഉപതിരഞ്ഞെടുപ്പ് ഡിസംബർ 10 ന് നടത്തുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ അറിയിച്ചു. മലപ്പുറം ജില്ലാ പഞ്ചായത്തിലെ തൃക്കലങ്ങോട് വാർഡ് ഉൾപ്പെടെ പതിനൊന്ന് ജില്ലകളിലായി (എറണാകുളം, വയനാട്, കാസർകോട് ഒഴികെ) നാല് ബ്ലോക്ക് പഞ്ചായത്ത് വാർഡുകൾ, മൂന്ന് മുനിസിപ്പാലിറ്റി വാർഡുകൾ, 23 ഗ്രാമപഞ്ചായത്ത് വാർഡുകളിലുമാണ് ഉപതിരഞ്ഞെടുപ്പ് നടത്തുന്നത്.വിജ്ഞാപനം നാളെ (നവംബർ 15) പുറപ്പെടുവിക്കും. നാമനിർദേശ പത്രിക നവംബർ 22 വരെ സമർപ്പിക്കാം. സൂക്ഷ്മപരിശോധന 23 ന് വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തും. പത്രിക നവംബർ 25 വരെ പിൻവലിക്കാം. വോട്ടെണ്ണൽ ഡിസംബർ 11ന് രാവിലെ 10 മണിക്ക് നടത്തും. വോട്ടെടുപ്പിനായി 192 പോളിംഗ് ബൂത്തുകൾ സജ്ജമാക്കും.മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വന്നു. മുനിസിപ്പാലിറ്റികളിൽ അതാത് വാർഡുകളിലും ഗ്രാമപഞ്ചായത്തുകളിൽ മുഴുവൻ പ്രദേശത്തും പെരുമാറ്റചട്ടം ബാധകമാണ്. ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ ഉപതിരഞ്ഞെടുപ്പുള്ള വാർഡുകളിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്ത് പ്രദേശത്താണ് പെരുമാറ്റച്ചട്ടമുള്ളത്.ഉപതിരഞ്ഞെടുപ്പിനുള്ള അന്തിമ വോട്ടർപട്ടിക ഒക്ടോബർ 19 ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പട്ടികയിൽ ആകെ 151055 വോട്ടർമാരാണുള്ളത് 71967 പുരുഷന്മാരും 79087 സ്ത്രീകളും ഒരു ട്രാൻസ്ജെൻഡറുമുണ്ട്. കമ്മീഷന്റെ www.sec.kerala.gov.in സൈറ്റിലും ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളിലും വോട്ടർപട്ടിക ലഭ്യമാണ്.

നാമനിർദേശ പത്രികയ്ക്കൊപ്പം കെട്ടിവയ്ക്കേണ്ട തുക ജില്ലാ പഞ്ചായത്തിൽ 5000 രൂപയും, മുനിസിപ്പാലിറ്റിയിലും ബ്ളോക്ക് പഞ്ചായത്തിലും 4000 രൂപയും, ഗ്രാമപഞ്ചായത്തിൽ 2000 രൂപയുമാണ്. പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾക്ക് പകുതി തുക മതിയാകും. തിരഞ്ഞെടുപ്പ് നടക്കുന്ന തദ്ദേശ വാർഡുകൾ (ജില്ല, തദ്ദേശ സ്ഥാപനം, വാർഡ് നമ്പർ, വാർഡിന്റെ പേര് ക്രമത്തിൽ)തിരുവനന്തപുരം ജി.07 വെള്ളറട ഗ്രാമപഞ്ചായത്ത് 19.കരിക്കാമൻകോഡ്കൊല്ലംജി.08 വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്ത് 08.നടുവിലക്കര11 കുന്നത്തൂർ ഗ്രാമപഞ്ചായത്ത് 05.തെറ്റിമുറി27 ഏരൂർ ഗ്രാമപഞ്ചായത്ത് 17.ആലഞ്ചേരി50 തേവലക്കര ഗ്രാമപഞ്ചായത്ത്

12.കോയിവിള തെക്ക്50 തേവലക്കര ഗ്രാമപഞ്ചായത്ത്

22.പാലക്കൽ വടക്ക്60 ചടയമംഗലം ഗ്രാമപഞ്ചായത്ത് 05.പൂങ്കോട് പത്തനംതിട്ട ബി.28കോന്നി ബ്ലോക്ക്പഞ്ചായത്ത് 13.ഇളകൊള്ളൂർ29പന്തളം ബ്ലോക്ക്പഞ്ചായത്ത് 12.വല്ലന10 നിരണംഗ്രാമപഞ്ചായത്ത്

07.കിഴക്കുംമുറി17 എഴുമറ്റൂർ ഗ്രാമപഞ്ചായത്ത് 05.ഇരുമ്പുകുഴി36 അരുവാപ്പുലം ഗ്രാമപഞ്ചായത്ത് 12.പുളിഞ്ചാണിആലപ്പുഴ ബി. 34 ആര്യാട് ബ്ലോക്ക്പഞ്ചായത്ത് 01.വളവനാട്.66 പത്തിയൂർ ഗ്രാമപഞ്ചായത്ത്

12.എരുവകോട്ടയം

എം.64 ഈരാറ്റുപേട്ട മുനിസിപ്പൽ കൗൺസിൽ 16.കുഴിവേലി 17 അതിരമ്പുഴ ഗ്രാമപഞ്ചായത്ത്

03.ഐ.റ്റി.ഐ ഇടുക്കി ബി.58 ഇടുക്കി ബ്ലോക്ക്പഞ്ചായത്ത് 02.കഞ്ഞിക്കുഴി 27 കരിമണ്ണൂർ ഗ്രാമപഞ്ചായത്ത് 09.പന്നൂർ തൃശ്ശൂർ

എം.34 കൊടുങ്ങല്ലൂർ മുനിസിപ്പൽ കൗൺസിൽ 41.ചേരമാൻ മസ്ജിദ്

07 ചൊവ്വന്നൂർഗ്രാമപഞ്ചായത്ത് 03.പൂശപ്പിള്ളി

44 നാട്ടികഗ്രാമപഞ്ചായത്ത് 09.ഗോഖലെ

പാലക്കാട് 02 ചാലിശ്ശേരി ഗ്രാമപഞ്ചായത്ത് 09. ചാലിശ്ശേരി മെയിൻ റോഡ്38 തച്ചമ്പാറഗ്രാമപഞ്ചായത്ത് 04.കോഴിയോട്65 കൊടുവായൂർഗ്രാമപഞ്ചായത്ത് 13.കോളോട് മലപ്പുറം ഡി.10 മലപ്പുറം ജില്ലാ പഞ്ചായത്ത് 31.തൃക്കലങ്ങോട്എം.46 മഞ്ചേരി മുനിസിപ്പൽ കൗൺസിൽ 49.കരുവമ്പ്രം21 തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത് 22.മരത്താണി96 ആലംകോട് ഗ്രാമപഞ്ചായത്ത് 18.പെരുമുക്ക്കോഴിക്കോട് 66 കാരശ്ശേരി ഗ്രാമപഞ്ചായത്ത് 18.ആനയാംകുന്ന് വെസ്റ്റ്

കണ്ണൂർ 02 മാടായി ഗ്രാമപഞ്ചായത്ത് 06.മാടായി.

75 കണിച്ചാർ ഗ്രാമപഞ്ചായത്ത് 06.ചെങ്ങോം

# മുനമ്പം : വർഗ്ഗീയ മുതലെടുപ്പ് അനുവദിക്കരുത്

മുനമ്പം കുടിയിറക്ക് പ്രശ്നം വർഗീയ മുതലെടുപ്പിന്റെയും സാമുദായിക ധ്രുവീകരണത്തിന്റെയും വിളഭൂമിയാക്കി മാറ്റരുതെന്ന് പി സ്റ്റെല്ലസ്.

തിരുവനന്തപുരം : മുനമ്പം അതിജീവനെ അവകാശ സമരത്തെ രാഷ്ട്രീയ മുതലെടുപ്പ് നടത്താനുള്ള വർഗീയ ശക്തികളുടെ സംഘടിത ശ്രമങ്ങൾ ശക്തിയാർജിക്കുന്നത് ആശങ്കാജനകമാണെന്ന് സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ സംസ്ഥാന പ്രസിഡണ്ട് പി സ്റ്റെല്ലസ്.

സമരത്തിന് ഐക്യദാർഢ്യം അർപ്പിച്ചുകൊണ്ട് പന്തലിൽ എത്തുന്നവരിൽ ബഹുഭൂരിപക്ഷവും വർഗീയ അജണ്ടകളാണ് സമരത്തിൽ പങ്കെടുക്കുന്നവരുടെ തലച്ചോറിലേക്ക് കുത്തിവയ്ക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.

പ്രശ്നം സൗഹാർദ്ദപരമായ പരിഹരിക്കുന്നതിൽ സംസ്ഥാന സർക്കാർ ദിവസങ്ങൾ നീട്ടിക്കൊണ്ടു പോകുന്നതിന്റെ ഫലമായിട്ടാണ് മുനമ്പം സമരത്തെ പ്രശ്നപരിഹാരത്തിനപ്പുറത്ത് ചില നിക്ഷിപ്ത താൽപര്യ സംരക്ഷണത്തിനായി വർഗീയശക്തികൾക്ക് വിനിയോഗിക്കാൻ അവസരം നൽകിയതെന്നും സംസ്ഥാനത്ത് നിലനിൽക്കുന്ന മത സൗഹാർദ്ദത്തെ വെല്ലുവിളിക്കാൻ വർഗീയ ശക്തികൾക്ക് അവസരമൊരുക്കി കൊടുക്കുന്നത് ശരിയല്ലെന്ന് പി സ്റ്റെല്ലസ്.

വിഷയത്തിൽ മുഖ്യമന്ത്രി അടിയന്തരമായി ഇടപെട്ട് മുനമ്പത്തിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭൂമിയുടെ അവകാശ വും അവരുടെ റവന്യൂ അധികാരങ്ങളും തിരിച്ചു നൽകുന്ന നടപടികൾ എത്രയും വേഗം പൂർത്തിയാക്കണമെന്ന് ഫെഡറേഷൻ സംസ്ഥാന പ്രസിഡണ്ട് പി സ്റ്റെല്ലസ് ആവശ്യപ്പെട്ടു.

# ആത്മകഥാ വിവാദം; നിലപാട് നേരത്തെ വ്യക്തമാക്കിയതാണെന്ന് രവി ഡി.സി

ഷാർജ: ഇ.പി. ജയരാജന്റെ ആത്മകഥാ വിവാദത്തിൽ നിലപാട് നേരത്തെ വ്യക്തമാക്കിയതാണെന്ന് ഡിസി ബുക്സ് ഉടമ രവി ഡി.സി.

സമൂഹമാധ്യമങ്ങളിൽ പറഞ്ഞതിന് അപ്പുറമൊന്നും പ്രതികരിക്കാനില്ല. പൊതുരംഗത്ത് നിൽക്കുന്നവരെ ബഹുമാനിക്കുന്നു. ഡിസി ബുക്സ് ഫെസിലിറ്റേറ്റർ മാത്രമാണെന്നും രവി ഡി.സി ഷാർജ പുസ്തകോത്സവത്തിനിടെ പറഞ്ഞു.

അതേസമയം, ആത്മകഥയുമായി ബന്ധപ്പെട്ട ഇ.പി. ജയരാജന്റെ പരാതി അന്വേഷിക്കാൻ ആഭ്യന്തര വകുപ്പ് കോട്ടയം ജില്ലാ പോലീസ് മേധാവിയെ ചുമതലപ്പെടുത്തി. കേസെടുക്കാതെയുള്ള പ്രാഥമിക അന്വേഷണമാണ് ആദ്യം നടത്തുക.

ഗൂഢാലോചന ആരോപിച്ചാണ് ഇ.പിയുടെ പരാതി. പരാതിയിൽ ഡിസി ബുക്സ് ഉൾപ്പെടെ ആരെയും കുറ്റപ്പെടുത്തിയിരുന്നില്ല. ഇമെയിലിലൂടെയാണ് ഇ.പി ഡിജിപിക്കു പരാതി നൽകിയത്.വിവാദത്തിനു പിന്നാലെ കഴിഞ്ഞ ദിവസം തന്നെ ഇ.പി ഡിസി ബുക്സിനു വക്കീൽ നോട്ടീസ് അയച്ചിരുന്നു. അഭിഭാഷകൻ കെ. വിശ്വൻ മുഖേനയാണ് നോട്ടീസ് അയച്ചത്. സമൂഹത്തിൽ തെറ്റിദ്ധാരണ സൃഷ്ടിക്കാനും തന്റെ കക്ഷിയെ തേജോവധം ചെയ്യാനും ഉദ്ദേശിച്ചാണ് ഡിസി ബുക്സ് വിവരങ്ങൾ പ്രസിദ്ധീകരിച്ചതെന്നാണ് നോട്ടീസിൽ പറയുന്നത്.

അതേസമയം, ആത്മകഥയുമായി ബന്ധപ്പെട്ട ഇ.പി. ജയരാജന്റെ പരാതി കോട്ടയം ജില്ലാ പോലീസ് മേധാവി അന്വേഷിക്കും. കേസെടുക്കാതെയുള്ള പ്രാഥമിക അന്വേഷണമാണ് ആദ്യം നടത്തുക.


ഗൂഢാലോചന ആരോപിച്ചാണ് ഇ.പിയുടെ പരാതി. പരാതിയിൽ ഡിസി ബുക്സ് ഉൾപ്പെടെ ആരെയും കുറ്റപ്പെടുത്തിയിരുന്നില്ല. ഇമെയിലിലൂടെയാണ് ഇ.പി ഡിജിപിക്കു പരാതി നൽകിയത്.

വിവാദത്തിനു പിന്നാലെ കഴിഞ്ഞ ദിവസം തന്നെ ഇ.പി ഡിസി ബുക്സിനു വക്കീൽ നോട്ടീസ് അയച്ചിരുന്നു. അഭിഭാഷകൻ കെ. വിശ്വൻ മുഖേനയാണ് നോട്ടീസ് അയച്ചത്. സമൂഹത്തിൽ തെറ്റിദ്ധാരണ സൃഷ്ടിക്കാനും തന്റെ കക്ഷിയെ തേജോവധം ചെയ്യാനും ഉദ്ദേശിച്ചാണ് ഡിസി ബുക്സ് വിവരങ്ങൾ പ്രസിദ്ധീകരിച്ചതെന്നാണ് നോട്ടീസിൽ പറയുന്നത്.


# ആന എഴുന്നള്ളത്തിൽ മാർഗരേഖ പുറത്തിറക്കി: ഹൈക്കോടതി

കൊച്ചി : ആന എഴുന്നള്ളത്തിൽ മാർഗരേഖ പുറത്തിറക്കി ഹൈക്കോടതി. ആനയെ എഴുന്നള്ളിക്കുന്നതിന് ഒരുമാസം മുമ്പ് അപേക്ഷ നൽകി ജില്ലാ സമിതിയുടെ അനുമതി വാങ്ങണം. ആനകൾ തമ്മിൽ മൂന്ന് മീറ്റർ അകലം പാലിക്കണം. മതിയായ വിശ്രമം ആനകൾക്ക് ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കണം. ദിവസം 30 കിലോമീറ്ററിൽ കൂടുതൽ ആനകളെ നടത്തിക്കരുത്. ആനകൾക്ക് വൃത്തിയുള്ള വിശ്രമ സ്ഥലമൊരുക്കണം. എഴുന്നള്ളിപ്പിൽ ആനയും തീ സംബന്ധമായ കാര്യങ്ങളും തമ്മിൽ അഞ്ച് മീറ്റർ ദൂര പരിധിയുണ്ടാകണം.

ജനങ്ങളും ആനയും തമ്മിൽ എട്ട് മീറ്റർ ദൂര പരിധി ഉറപ്പാക്കണം. ബാരിക്കേഡ് സംവിധാനം ഒരുക്കണം. രാവിലെ 9 മുതൽ വൈകുന്നേരം 5 വരെ ആനകളെ പൊതു നിരത്തിൽ കൂടി കൊണ്ടു പോകരുത്. ഭക്ഷണം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ സംഘാടകർ കമ്മിറ്റിയെ ബോധിപ്പിക്കണം. ആനയുടെ ആരോഗ്യ സ്ഥിതി സംബന്ധിച്ച ഫിറ്റ്നസ്, ഹെൽത്ത് സർട്ടിഫിക്കറ്റുകൾ ഉറപ്പാക്കണമെന്നും മാർഗരേഖയിൽ പറയുന്നു. മാർഗ നിർദേശങ്ങൾ പാലിക്കാത്ത എഴുന്നള്ളത്തുകൾക്ക് ജില്ലാതല സമിതി അനുമതി നൽകരുതെന്നും കോടതി നിർദേശിച്ചു.

# മണിപ്പൂരിൽ ആറ് സ്ഥലങ്ങളിൽ അഫ്സ്പ പ്രഖ്യാപിച്ചു

ഇംഫാൽ : മണിപ്പൂരിൽ സംഘർഷാവസ്ഥ തുടരുന്ന സാഹചര്യത്തിൽ ആറിടങ്ങളിൽ കൂടി കേന്ദ്ര ആഭ്യന്തര മന്ത്രാലയം അഫ്സ്പ (സായുധസേനാ പ്രത്യേകാധികാര നിയമം) പ്രഖ്യാപിച്ചു. ജിരിബാം, ഇംഫാൽ ഈസ്റ്റിലെ ലാംലായ്, കാങ്പോക്പിയിലെ ലെയ്മഖോങ്, ബിഷ്ണുപുരിലെ മൊയിറങ്, ഇംഫാൽ വെസ്റ്റിലെ സെക്മായി, ലാംസാങ് എന്നിവിടങ്ങളിലാണ് സുരക്ഷാസേനയ്ക്ക് പ്രത്യേകാധികാരം നൽകുന്ന നിയമം പ്രഖ്യാപിച്ചത്.

ആക്രമികളെന്നാരോപിച്ച് ജിരിബാമിൽ കുക്കി വിഭാഗത്തിൽപ്പെട്ട പത്തു പേരെ തിങ്കളാഴ്ച സുരക്ഷാസേന വെടിവച്ചുകൊന്നിരുന്നു. പിറ്റേന്ന് മെയ്ത്തീ വിഭാഗത്തിലെ രണ്ടു പേരുടെ മൃതദേഹം കണ്ടെടുത്തു. താമെങ്‌ലോങിൽ സഹായവുമായെത്തിയ ട്രക്ക് അഗ്നിക്കിരയാക്കി.

# പാലക്കാട്ട് വ്യാജവോട്ടിനു ശ്രമമെന്ന് സിപിഎം ജില്ലാ സെക്രട്ടറി

പാലക്കാട്: പാലക്കാട് മണ്ഡലത്തിൽ ഇരട്ടവോട്ടും വ്യാജവോട്ടും വ്യാപകമെന്ന് സിപിഎം ജില്ലാ സെക്രട്ടറി ഇ.എൻ. സുരേഷ് ബാബു. കോൺഗ്രസും ബിജെപിയും വ്യാപകമായി വ്യാജവോട്ടുകൾ ചേർക്കുകയാണെന്നും അദ്ദേഹം ആരോപിച്ചു.

പിരായിരിയിൽ മാത്രം 800ഓളം വ്യാജവോട്ടർമാരാണുള്ളത്. സിപിഎം പ്രവർത്തകർ സ്ലിപ് കൊടുക്കാൻ പോകുമ്പോൾ പലരേയും കാണാനില്ലെന്നും സുരേഷ് ബാബു ആരോപിച്ചു.

സാധാരണഗതിയിൽ 18,19 വയസുള്ള പുതിയ വോട്ടർമാരെയാണ് പട്ടികയിൽ ചേർക്കുക. പക്ഷേ പിരിയാരി പഞ്ചായത്തിൽ മാത്രം എണ്ണൂറോളം പുതിയ വോട്ടർമാരിൽ 40 വയസു മുതൽ 60 വയസുവരെയുള്ളവരാണ്.




## അപേക്ഷ ക്ഷണിക്കുന്നു

വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക് കോളേജിലെ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ സെല്ലിൽ ആരംഭിക്കുന്ന വിവിധ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ഡിപ്ലോമ ഇൻ കംപ്യൂട്ടർ ആപ്ലിക്കേഷൻ, കംപ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് (റ്റാലി), അലുമിനിയം ഫാബ്രിക്കേഷൻ, കംപ്യൂട്ടർ ഹാർഡ്വെയർ മെയിന്റനൻസ് & നെറ്റ്വർക്കിംഗ്, ഓട്ടോകാഡ്, മൊബൈൽ ഫോൺ ടെക്നോളജി, ഗാർമെന്റ് മേക്കിംഗ് &ഫാഷൻഡിസൈനിംഗ്, ടോട്ടൽസ്റ്റേഷൻ, ബ്യൂട്ടീഷൻ, പ്രോഗ്രാമിംഗ്&പ്രാക്ടീസ്ഓൺ സിഎൻസി മെഷീൻ എന്നീ കോഴ്സുകളിലേക്ക് ഇപ്പോൾ അപേക്ഷിക്കാം. ഫോൺ: 8075289889, 9495830907

## സൗജന്യ തൊഴിൽമേള

തിരുവനന്തപുരം കേരള യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയിൽ പ്രവർത്തിക്കുന്ന കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായ മോഡൽ കരിയർ സെന്ററിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ടെക്നോപാർക്ക് പാർക്ക് സെന്ററുമായി ചേർന്ന് നവംബർ 30 ന് രാവിലെ 10 മുതൽ 'പ്രയുക്തി ടെക്നോ ഡ്രൈവ് 2024' എന്ന പേരിൽ സൗജന്യ തൊഴിൽമേള സംഘടിപ്പിക്കുന്നു. വിവിധ മൾട്ടിനാഷണൽ ഐ.ടി കമ്പനികളിലെ മികച്ച അവസരങ്ങൾ ലഭിക്കുന്നതിന് വേണ്ടി ഐടിഐ, ഡിപ്ലോമ, ഡിഗ്രി, പി.ജി, ബി.ടെക്, എം.ടെക്, എം.ബി.എ യോഗ്യതയുള്ളവർക്കും C#, Javascript, JQuery, ASP.NET core, Web API, HTML, CSS MVC, REST, SQL, PYTHON, Digital Marketing, ~CX/UX Design, AI/ML, Web Development and Banking F-in-an-c-i-a-l മേഖലകളിൽ പ്രവൃത്തി പരിചയം ഉള്ളവർക്കും പങ്കെടുക്കാം. താൽപര്യമുള്ളവർ https://tinyurl.com/52f3n884 ലിങ്ക് വഴി പേര് രജിസ്റ്റർ ചെയ്യണം. വിശദവിവരങ്ങൾക്ക് ഫോൺ: 04712304577.

## ക്ഷേമനിധി അംഗത്വം പുനഃസ്ഥാപിക്കാം

കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി അംഗങ്ങളിൽ 2022 മാർച്ച് മുതൽ തുടർന്നുള്ള മാസങ്ങളിൽ അംശദായ അടവ് മുടങ്ങിയതിനാൽ അംഗത്വം റദ്ദായ അംഗങ്ങൾക്ക് നവംബർ 15 മുതൽ ഡിസംബർ 15 വരെ പിഴ സഹിതം അംശദായം ഒടുക്കി അംഗത്വം പുനഃസ്ഥാപിക്കാം. മുൻകാലങ്ങളിൽ അദാലത്ത് വഴി അംഗത്വം പുതുക്കിയിട്ടുള്ളവരും നിലവിൽ സജീവ അംഗങ്ങൾ അല്ലാത്തവരുമായവർക്ക് അംഗത്വം പുതുക്കാം. ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ അംഗത്വ പാസ് ബുക്ക്, അംഗത്വം റദ്ദായ കാലയളവ് മുതൽ പ്രസ്തുത മാസം വരെ ടിക്കറ്റ് വിറ്റതിന്റെ കണക്ക് (ഒരു മാസം 25,000 രൂപ എന്ന നിരക്ക്) രേഖപ്പെടുത്തിയ ടിക്കറ്റ് അക്കൗണ്ട് ബുക്ക്, അവസാന മൂന്നു മാസത്തെ വൗച്ചർ എന്നിവ സഹിതം അംഗങ്ങൾക്ക് ജില്ലാ ഭാഗ്യക്കുറി ക്ഷേമനിധി ഓഫീസിൽ നേരിട്ടെത്തി അംഗത്വം പുനഃസ്ഥാപിക്കാം. അംഗത്വം പുതുക്കാൻ എത്തുന്ന അംഗങ്ങൾ ലോട്ടറി വിറ്റ് ഉപജീവനം നടത്തുന്നവരാണെന്നുള്ള സാക്ഷ്യപത്രം കൂടി സമർപ്പിക്കണം. വിശദവിവരങ്ങൾക്ക്: 0471 2325582, 8330010855.

## ഭിന്നശേഷിക്കാരെ സംരക്ഷിക്കുന്ന സഹോദരങ്ങൾക്ക് സ്ഥലംമാറ്റത്തിൽ ഇളവ്: മന്ത്രി ഡോ. ബിന്ദു

ഭിന്നശേഷിക്കാരെ സംരക്ഷിക്കുന്ന സഹോദരങ്ങൾക്ക് പൊതുസ്ഥലംമാറ്റത്തിൽ അർഹമായ ഇളവും മുൻഗണനയും നൽകി ഉത്തരവായതായി ഉന്നതവിദ്യാഭ്യാസസാമൂഹ്യനീതി മന്ത്രി ഡോ. ആർ ബിന്ദു അറിയിച്ചു.

രക്ഷിതാക്കൾ ഇല്ലാത്തതോ രക്ഷിതാക്കൾക്ക് സംരക്ഷിക്കാൻ കഴിയാത്തതോ ആയ സാഹചര്യങ്ങളിലുള്ള ഭിന്നശേഷിക്കാരുടെ സഹോദരങ്ങൾക്കാണ് ഇളവും മുൻഗണനയും നൽകാൻ തീരുമാനിച്ചത്. സംസ്ഥാനജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിന്റെയും നിയമനങ്ങളുടെയും പൊതുമാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ഇതിനായി പരിഷ്കരിച്ച് അംഗീകരിച്ചു. ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇത് നടപ്പാക്കുന്നുണ്ടെന്ന് എല്ലാ വകുപ്പു മേധാവികളും ഉറപ്പാക്കണമെന്നും മന്ത്രി ഡോ. ബിന്ദു നിർദേശിച്ചു.

## അഭിമുഖം നവംബർ 15 ന്

വിവിധ തൊഴിൽ നിയമനത്തിനായി തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനു കീഴിലുള്ള എംപ്ലോയബിലിറ്റി സെന്ററിൽ നവംബർ 15 രാവിലെ 10 .30ന് അഭിമുഖം നടക്കും. സെയിൽസ് എക്സിക്യൂട്ടീവ്, ഡിസ്ട്രിബ്യൂഷൻ ലീഡർ, ഏജൻസി മാനേജർ, ടെലികോളർ, യൂണിറ്റ് മാനേജർ, വെയർ ഹോബ്സ് പിക്കപ്പ് സ്റ്റാഫ്, സർവീസ് സെന്റർ ഡെലിവറി സ്റ്റാഫ് എന്നീ തസ്തികകളിലാണ് നിയമനം. തസ്തികകളുടെ പ്രായപരിധി 36 വയസ്. പ്രവർത്തി പരിചയം ഉള്ളവർക്കും ഇല്ലത്തവർക്കും എംപ്ലോയബിലിറ്റി സെന്ററിൽ രജിസ്റ്റർ ചെയ്ത് അഭിമുഖത്തിൽ പങ്കെടുക്കാം. ഫോൺ: 04712992609, 8921916220.

## പിഎസ്സി പരിശീലനം

തിരുവനന്തപുരം പ്രൊഫഷണൽ ആൻഡ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് ഓഫീസ് സിജിസി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പട്ടികജാതി പട്ടികവർഗ ഉദ്യാഗാർഥികൾക്കായി സ്റ്റൈഫന്റോടുകൂടി പിഎസ്സി മത്സര പരീക്ഷാ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. താൽപര്യമുള്ള ഉദ്യോഗാർഥികൾ നവംബർ 23 നകം തിരുവനന്തപുരം തമ്പാനൂർ കെഎസ്ആർടിസി ടെർമിനലിന്റെ പത്താം നിലയിൽ പ്രവർത്തിക്കുന്ന പ്രൊഫഷണൽ ആൻഡ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് ഓഫീസിൽ നേരിട്ട് ഹാജരായി രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക് : 0471 2330756, 8547676096.

## ലോകായുക്ത ദിനാഘോഷം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

ഈ വർഷത്തെ ലോകായുക്ത ദിനാഘോഷം നവംബർ 16 വൈകിട്ട് 4 ന് നിയമസഭാ സമുച്ചയത്തിലെ ബാങ്കറ്റ് ഹാളിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ലോകയുക്ത ജസ്റ്റിസ് എൻ അനിൽകുമാർ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ നിയമമന്ത്രി പി രാജീവ് വിശിഷ്ടാതിഥി ആയിരിക്കും. പ്രതിപക്ഷ നേതാവ് വി ഡി സതീശൻ മുഖ്യ പ്രഭാഷണം നടത്തും. അഡ്വക്കേറ്റ് ജനറൽ കെ ഗോപാലകൃഷ്ണ കുറുപ്പ്, ലോകായുക്ത സ്പെഷ്യൽ അറ്റോർണിയും പ്രോസിക്യൂഷൻ ഡയറക്ടർ ജനറലുമായ ടി എ ഷാജി, കേരള ലോകയുക്ത അഡ്വക്കേറ്റ് ഫോറം പ്രസിഡന്റ് അഡ്വ എൻ എസ് ലാൽ, സെക്രട്ടറി അഡ്വ ബാബു പി പോത്തൻകോട്, ട്രിവാൻഡ്രം ബാർ അസോസിയേഷൻ പ്രസിഡന്റ് അഡ്വ എസ് എസ് ബാലു എന്നിവർ പങ്കെടുക്കും.

## കമ്പ്യൂട്ടർ സോഫ്റ്റ്വെയർ ഡെവലപ്പർ ഒഴിവ്

ഐഎച്ച്ആർഡിയുടെ തിരുവനന്തപുരത്തുള്ള പ്രൊഡക്ഷൻ ആൻഡ് മെയിന്റനൻസ് ഡിവിഷനിൽ സോഫ്റ്റ്വെയർ ഡെവലപ്പർ ഒഴിവിലേക്ക് കരാർ അടിസ്ഥാനത്തിൽ അപേക്ഷ ക്ഷണിച്ചു. കമ്പ്യൂട്ടർ/ ഇലക്ട്രോണിക്സിൽ ബി.ടെക്/ബി.എസ്സി/ബിസിഎ/എംസിഎ ആണ് യോഗ്യത. പൈത്തൺ/ഡിജാൻഗോ/റിയാക്ട് എന്നിവയിൽ പ്രാവീണ്യവും യുഎക്സ്, യുഐ ഡെവലപ്പിങ്, ഫ്രണ്ടെൻഡ്, ഡിസൈനിങ്, ബാക്കെൻഡ് ഡിസൈനിങ്, ക്വാളിറ്റി അഷ്വറൻസ്, സെർവർ ഹോസ്റ്റിങ് എന്നിവയിലെ പ്രവൃത്തി പരിചയവും അഭിലഷണീയം. താൽപര്യമുള്ളവർക്ക് https://pmdamc.ihrd.ac.in വെബ്സൈറ്റിലൂടെ നവംബർ 18 വരെ ഓൺലൈനായി അപേക്ഷിക്കാം.

## 'ഗ്രോത്ത് പൾസ്' സംരംഭക പരിശീലനം

പ്രവർത്തന കാര്യക്ഷമത നേടുവാൻ ആഗ്രഹിക്കുന്ന സംരംഭകർക്കായി വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ടായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് (KIED) 5 ദിവസത്തെ ഗ്രോത്ത് പൾസ് പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. നവംബർ 19 മുതൽ 23 വരെ കളമശ്ശേരിയിലുള്ള KIED ക്യാമ്പസിലാണ് പരിശീലനം. നിലവിൽ സംരംഭം തുടങ്ങി 5 വർഷത്തിൽ താഴെ പ്രവൃത്തി പരിചയമുള്ള സംരംഭകർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. മാർക്കറ്റിംഗ് സ്ട്രാറ്റജീസ്, ഫിനാൻഷ്യൽ മാനേജ്മെന്റ്, ജി.എസ്.ടി ആൻഡ് ടാക്സേഷൻ, ഓപ്പറേഷണൽ എക്സലൻസ്, സെയിൽസ് പ്രോസസ് ആൻഡ് ടീം മാനേജ്മെന്റ്, എക്സ്പോർട്ട് ഇംപോർട്ട് പ്രൊസീജേഴ്സ് തുടങ്ങിയ വിഷങ്ങളാണ് പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പരിശീലന ഫീസ് 3540 രൂപ. താമസം ആവശ്യമില്ലാത്തവർക്ക് 1500 രൂപ. താത്പര്യമുള്ളവർ www.kied.infot/raining-calender/ വെബ്സൈറ്റിലൂടെ നവംബർ 14ന് മുമ്പ് അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0484 2532890/2550322/9188922785

## പഞ്ചവത്സര എൽ.എൽ.ബി.: അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചു

ഗവൺമെന്റ് ലോ കോളേജിലെയും സംസ്ഥാന സർക്കാരുമായി സീറ്റ് പങ്കിടുന്ന സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലെയും 202425 ലെ സംയോജിത പഞ്ചവത്സര എൽ.എൽ.ബി. കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനുള്ള അന്തിമ വേക്കന്റ് സീറ്റ് അലോട്ട്മെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. രജിസ്റ്റർ ചെയ്ത ഓൺലൈൻ ഓപ്ഷനുകളുടെ അടിസ്ഥാനത്തിലാണ് അലോട്ട്മെന്റ് നടത്തിയിട്ടുള്ളത്. വിശദവിവരങ്ങൾക്ക് ഫോൺ: 0471 2525300

## ലോകായുക്ത സിറ്റിംഗ്

കേരള ലോകായുക്ത സിറ്റിംഗ് നവംബർ 20ന് രാവിലെ 10.30ന് കോട്ടയം ബാർ അസോസിയേഷൻ ഹാളിലും 21ന് രാവിലെ 11 മണിക്ക് തൃശ്ശൂർ ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിലും വച്ച് നടക്കും. ലോകായുക്ത ജസ്റ്റിസ് എൻ. അനിൽകുമാർ പരാതികൾ പരിഹരിക്കും. പുതിയ പരാതികളും സിറ്റിംഗിൽ സ്വീകരിക്കും.

## സ്റ്റേറ്റ് ലബോറട്ടറിയിൽ കരാർ നിയമനം

ക്ഷീര വികസന വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഡയറി ലബോറട്ടറിയിൽ കെമിസ്ട്രി, മൈക്രോബയോളജി വിഭാഗങ്ങളിൽ അനലിസ്റ്റുമാരുടെ കരാർ ഒഴിവുണ്ട്. എം.ടെക് (ഡയറി കെമിസ്ട്രി)/ബിടെക് (ഡയറി ടെക്നോളജി) യും പ്രവൃത്തിപരിചയവുമാണ് കെമിസ്ട്രി അനലിസ്റ്റിന്റെ യോഗ്യത. എം.ടെക് (ഡയറി മൈക്രോബയോളജി)/ എം.എസ്സി (ജനറൽ മൈക്രോ ബയോളജി) യും പ്രവൃത്തിപരിചയവുമാണ് മൈക്രോ ബയോളജി അനലിസ്റ്റിന്റെ യോഗ്യത. പ്രായപരിധി 18 40 വയസ്. അഭിമുഖത്തിന്റെ അടിസ്ഥാനത്തിലാണ് നിയമനം.അപേക്ഷകൾ നവംബർ 27നു ജോയിന്റ് ഡയറക്ടർ, സ്റ്റേറ്റ് ഡയറി ലബോറട്ടറി, ക്ഷീര വികസന വകുപ്പ് ഡയറക്ടറേറ്റ്, പട്ടം, തിരുവനന്തപുരം 695004 വിലാസത്തിൽ ലഭിക്കണം.

## പ്രോജക്ട് അസിസ്റ്റന്റ് നിയമനം

വിഴിഞ്ഞത്തെ കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിൽ കരാർ അടിസ്ഥാനത്തിൽ ഒരു പ്രോജക്ട് അസിസ്റ്റന്റ് ഒഴിവുണ്ട്. വിശദവിവരങ്ങൾക്ക്: www.cmfri.org.in, 0471 2480224.



നിയമസഭാ കോമ്പൗണ്ടിലെ ജവഹർലാൽ നെഹ്റു പ്രതിമയിൽ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ പുഷ്പാർച്ചന നടത്തുന്നു

## പി.ജി.മെഡിക്കൽ കോഴ്സ്: ലിസ്റ്റ് പ്രസിദ്ധീകരിച്ചു

202425 അധ്യയന വർഷത്തെ പി.ജി.മെഡിക്കൽ കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനായി അപേക്ഷിച്ചവരുടെ താത്ക്കാലിക മെരിറ്റ് ലിസ്റ്റും കാറ്റഗറി ലിസ്റ്റും പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. സാധുവായ രേഖകൾ സമർപ്പിക്കാത്തതിനാൽ ഏതാനും അപേക്ഷകരുടെ റാങ്ക്/കാറ്റഗറി തടഞ്ഞുവച്ചിട്ടുണ്ട്. അപ്ലോഡ് ചെയ്ത രേഖകളിലെ അപാകതകൾ പരിഹരിക്കാൻ നവംബർ 16, 12 ു വരെ വെബ്സൈറ്റിൽ അവസരം ഉണ്ട്. വിശദ വിവരങ്ങൾക്ക്: www.cee.kerala.gov.in, ഫോൺ: 0471 2525300

## ഓൺലൈൻ ഓപ്ഷൻ നൽകാം

2024 ലെ പി.ജി. ആയുർവേദ കോഴ്സിലേക്കുള്ള സ്ട്രേ വേക്കൻസി അലോട്ട്മെന്റിനായി ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. 2024 ലെ പി. ജി. ആയുർവേദ ഡിഗ്രി/ഡിപ്ലോമ കോഴ്സിലേക്ക് പ്രവേശനം നേടാൻ ആഗ്രഹിക്കുന്നവർ നിർബന്ധമായും നവംബർ 15ന് ഉച്ചക്ക് 2 മണിക്കു മുൻപായി www.cee.kerala.gov.in വെബ്സൈറ്റിൽ ഓപ്ഷൻ സമർപ്പിക്കണം. ഫോൺ: 0471 2525300.

## പിജി ആയുർവേദം: ലിസ്റ്റ് പ്രസിദ്ധീകരിച്ചു

202425 അധ്യയന വർഷത്തെ ആയുർവേദ ബിരുദാനന്തര ബിരുദ കോഴ്സുകളിൽ പ്രവേശനത്തിനായുള്ള സ്ട്രേ വേക്കൻസി അലോട്ട്മെന്റിൽ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളവരുടെ അന്തിമ മെരിറ്റ് ലിസ്റ്റും കാറ്റഗറി ലിസ്റ്റും വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ഫോൺ: 0471 2525300.

## അഡ്മിഷൻ ആരംഭിച്ചു

ചാക്ക ഗവ:ഐ.ടി.ഐ ഇൻസ്റ്റിറ്റ്യൂട്ട് മാനേജ്മെന്റ് കമ്മറ്റിയുടെ ആഭിമുഖ്യത്തിലുള്ള ഇന്റർനാഷണൽ ഡിപ്ലോമ ഇൻ എയർ കാർഗോ ഷിപ്പിങ് ആൻഡ് ലോജിസ്റ്റിക്സ് മാനേജ്മെന്റ് കോഴ്സിന്റെ അടുത്ത ബാച്ചിലേയ്ക്ക് അഡ്മിഷൻ ആരംഭിച്ചു. എസ്.എസ്.എൽ.സി മുതൽ യോഗ്യതയുള്ളവർക്ക് തൊഴിലധിഷ്ഠിത പ്ലേസ്മെന്റ് സപ്പോർട്ടോടുകൂടിയ കോഴ്സിൽ പ്രവേശനം നേടാം. കൂടുതൽ വിവരങ്ങൾക്ക്: ഫോൺ : 9074303488.

## ഡി.എൽ.എഡ്: പരീക്ഷാ കേന്ദ്രത്തിൽ മാറ്റം

നവംബർ 20 മുതൽ 26 വരെ കൊല്ലം ഗവൺമെന്റ് മോഡൽ ഹൈസ്കൂളിൽ നടത്താനിരുന്ന ഡി.എൽ.എഡ് രണ്ട്, നാല് സെമസ്റ്റർ പരീക്ഷകൾ സ്കൂളിൽ കലോത്സവം നടക്കുന്ന സാഹചര്യത്തിൽ ഗവൺമെന്റ് എച്ച്.എസ്.എസ് അഞ്ചാലുംമൂട് സ്കൂളിലേയ്ക്ക് മാറ്റി. ടൈംടേബിളിൽ മാറ്റമില്ല.

## ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്: അപേക്ഷ ക്ഷണിച്ചു

രാജ്യത്തെ പ്രധാനപ്പെട്ട ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളായ കകഠ/കകങ/കകകടര/കങടര കളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിച്ചു. 202425 സാമ്പത്തിക വർഷം പ്രസ്തുത സ്ഥാപനങ്ങളിൽ ഉപരി പഠനം (ജ ഏ/ജവ.ഉ) നടത്തുന്ന ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട (മുസ്ലിം, ക്രിസ്ത്യൻ (എല്ലാ വിഭാഗക്കാർക്കും), സിഖ്, ബുദ്ധ, ജൈന, പാഴ്സി) വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കും. അപേക്ഷകർ ബന്ധപ്പെട്ട യോഗ്യതാ പരീക്ഷയിൽ (ഡിഗ്രി/ബി.ഇ/ബി.ടെക്/ജ്യലൂൗമഹശള്യ ശിഴ ലഃമാ) 55% മാർക്ക് നേടിയിരിക്കണം. ഐഐടികളിലും ഐഐഎമ്മുകളിലും രണ്ടു വർഷത്തെ ബിരുദാനന്തര ബിരുദം പഠിക്കുന്ന ഒന്നും രണ്ടും വർഷ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പിന് അപേക്ഷിക്കാം. ഒന്നാം/രണ്ടാം/മൂന്നാം/നാലാം/അഞ്ച് വർഷ കങടര വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പിന് അപേക്ഷിക്കാൻ അർഹതയുണ്ട്. ബി.പി.എൽ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് മുൻഗണന നൽകും. ബി.പി.എൽ അപേക്ഷകരുടെ അഭാവത്തിൽ കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപ വരെയുള്ള എ.പി.എൽ വിഭാഗക്കാരെയും പരിഗണിക്കും. കേരളത്തിലെ സ്ഥിരതാമസക്കാരായ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. 50 ശതമാനം സ്കോളർഷിപ്പ് പെൺകുട്ടികൾക്കായി സംവരണം ചെയ്തിട്ടുണ്ട്. നിശ്ചിത ശതമാനം പെൺകുട്ടികൾ ഇല്ലാത്തപക്ഷം അർഹരായ ആൺകുട്ടികളേയും പരിഗണിക്കും. വിദ്യാർഥികളെ തെരഞ്ഞെടുക്കുന്നത് കുടുംബ വാർഷിക വരുമാനത്തിന്റെയും മാർക്കിന്റെയും അടിസ്ഥാനത്തിൽ ജനസംഖ്യാനുപാതികമായിട്ടാണ്. തെരഞ്ഞെടുക്കുന്ന ന്യൂനപക്ഷ വിദ്യാർഥിയ്ക്ക് കോഴ്സ് കാലാവധിക്കുള്ളിൽ 50,000 രൂപയാണ് സ്കോളർഷിപ്പ് തുകയായി അനുവദിക്കുന്നത്. മുൻ വർഷം സ്കോളർഷിപ്പ് ലഭിച്ചവർ അപേക്ഷിക്കേണ്ടതില്ല.

ഡയറക്ടർ, ന്യൂനപക്ഷ ക്ഷേമ വകുപ്പ്, നാലാം നില, വികാസ് ഭവൻ, തിരുവനന്തപുരം 33 വിലാസത്തിൽ ഡിസംബർ 5 നകം പൂർണമായ അപേക്ഷ ലഭ്യമാക്കണം.

## രേഖകൾ ഹാജരാക്കണം

തിരുവനന്തപുരം കർഷക തൊഴിലാളി ക്ഷേമനിധി അംഗത്വമുള്ളവരിൽ 2018 മാർച്ച് വരെ അപേക്ഷ നൽകിയിട്ട് ആദ്യഗഡു ലഭിയ്ക്കാത്തവർ ആനുകൂല്യം ലഭിക്കുന്നതിന് രേഖകൾ സമർപ്പിക്കണം. ആധാർ കാർഡ്, ബാങ്ക് പാസ് ബുക്ക്, സാക്ഷ്യപത്രം എന്നിവയുടെ പകർപ്പും രേഖകളിൽ പേര്, മേൽവിലാസം എന്നിവയിൽ വ്യത്യാസം ഉണ്ടെങ്കിൽ വൺ ആന്റ് സെയിം സർട്ടിഫിക്കറ്റും ഫോൺ നമ്പറും അടിയന്തരമായി തിരുവനന്തപുരം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിൽ എത്തിക്കണം. ഫോൺ: 0471 2729175.

## കരാറടിസ്ഥാനത്തിൽ വാഹനം ആവശ്യമുണ്ട്

വനിതാ ശിശു വികസന വകുപ്പിനു കീഴിൽ പ്രവർത്തിച്ചുവരുന്ന തിരുവനന്തപുരം ജില്ലാ വനിതാ ശിശു വികസന ഓഫീസിന്റെ ഔദ്യോഗിക ആവശ്യത്തിന് ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ ഏഴ് വർഷത്തിലധികം കാലപ്പഴക്കമില്ലാത്തതും ടാക്സി പെർമിറ്റുള്ളതും 1200 സിസിയോ അതിനു മുകളിലോ ഉള്ള ഒരു കാർ/ജീപ്പ്, ഒരു വർഷത്തേക്ക് പ്രതിമാസവാടകയ്ക്ക് നൽകുന്നതിന് താൽപ്പര്യമുള്ള വ്യക്തികൾ അല്ലെങ്കിൽ സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും ചുവടെ കൊടുത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി മത്സര സ്വഭാവമുള്ള മുദ്ര വെച്ച ടെണ്ടറുകൾ ക്ഷണിച്ചു. ടെണ്ടർ ഫോമുകൾ തിരുവനന്തപുരം ജില്ലാ വനിതാ ശിശു വികസന ഓഫീസിൽ ലഭിക്കും. പ്രതിമാസ വാടക 30,000 രൂപ.കൂടുതൽ വിവരങ്ങൾക്ക് തിരുവനന്തപുരം ജില്ലാ വനിതാ ശിശു വികസന ഓഫീസുമായി ബന്ധപ്പെടണം. ടെണ്ടർ ഫോം വിൽപ്പന അവസാനിക്കുന്ന തീയതി നവംബർ 25 ഉച്ചയ്ക്ക് 12.30. നവംബർ 25ന് വൈകിട്ട് 3 ന് ടെണ്ടർ തുറക്കും. ഫോൺ: 04712969101.

## വൈവിധ്യങ്ങളും ബഹുസ്വരതയും ഉൾക്കൊണ്ട് മുന്നേറാൻ ചാച്ചാ നെഹ്റു പ്രചോദനം: മന്ത്രി ആർ. ബിന്ദു

രാജ്യത്തിന്റെ വൈവിധ്യങ്ങളും ബഹുസ്വരതയും ഉൾക്കൊണ്ട് ചരിത്രം ശരിയായി മനസ്സിലാക്കി മുന്നോട്ട് പോകാൻ ചാച്ചാ നെഹ്റുവിന്റെ ഓർമകൾ കുട്ടികൾക്ക് പ്രചോദനമാണെന്ന് ഉന്നതവിദ്യാഭ്യാസ, സാമൂഹ്യനീതി വകുപ്പ് മന്ത്രി ആർ. ബിന്ദു പറഞ്ഞു. കേരള സ്റ്റേറ്റ് ജവഹർ ബാലഭവൻ മാനവീയം വീഥിയിൽ സംഘടിപ്പിച്ച ശിശുദിനാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ കുട്ടികൾ അപകടകരമായ സാഹചര്യങ്ങളിൽ ജോലി ചെയ്യേണ്ട അവസ്ഥയുള്ളപ്പോൾ കേരളത്തിൽ ജനിച്ചു വീഴുന്ന ഓരോ കുഞ്ഞും മികവാർന്ന വിദ്യാഭ്യാസം നേടി മുന്നോട്ട് പോകുന്നു എന്നതിൽ നമുക്ക് അഭിമാനിക്കാമെന്നും മന്ത്രി പറഞ്ഞു. ആഘോഷത്തിന്റെ ഭാഗമായി നെഹ്റു സ്മൃതി സായാഹ്നവും ശിശുദിന റാലിയും നടന്നു. സംഘഗാനം, ചാച്ചാജി പ്രസംഗം, മോഹിനിയാട്ടം തുടങ്ങിയ വിവിധ പരിപാടികൾ കുട്ടികൾ അവതരിപ്പിച്ചു. മത്സരങ്ങളിൽ വിജയികളായവർക്ക് മന്ത്രി ട്രോഫികൾ സമ്മാനിച്ചു.

വി. കെ. പ്രശാന്ത് എം.എൽ.എ. അധ്യക്ഷനായിരുന്ന ചടങ്ങിൽ സിനിമാ സീരിയൽ താരം ജോബി മുഖ്യാതിഥിയായിരുന്നു. ബാലഭവനിലെ ഉദ്യോഗസ്ഥരും സന്നിഹിതരായിരുന്നു.

# പലസ്തീൻകാരെ ഒഴിപ്പിച്ച് വടക്കൻ ഗാസ കൂട്ടിച്ചേർക്കാൻ ഇസ്രയേൽ

ജറുസലം : വടക്കൻ ഗാസയിൽ ശേഷിക്കുന്ന പലസ്തീൻകാരെയും ബലമായി ഒഴിപ്പിക്കാൻ ഇസ്രയേൽ സൈന്യം നടപടി തുടങ്ങി. വടക്കൻ ഗാസ ഇസ്രയേലിനോടു കൂട്ടിച്ചേർക്കാനാണു പദ്ധതിയുടെ ഭാഗമാണിത്. ട്രംപ് അധികാരമേൽക്കും മുൻപ് ഇതു പൂർത്തിയാക്കുമെന്നു റിപ്പോർട്ടുണ്ട്.

ജബാലിയ, ബെയ്ത്ത് ഹനൂൻ മേഖലകളിൽ 70, 000 പലസ്തീൻകാർ ശേഷിക്കുന്നുണ്ടെന്നാണ് യുഎൻ കണക്ക്. ഹനൂനിലെ അഭയകേന്ദ്രമായ സ്കൂളുകൾ വളഞ്ഞ സൈനികടാങ്കുകൾ പലസ്തീൻകാരോടു ഗാസ സിറ്റിയിലേക്ക് നീങ്ങാൻ ആവശ്യപ്പെട്ടു. മറ്റു സ്ഥലങ്ങളിൽ ഡ്രോണുകൾ വഴിയാണ് ഒഴിഞ്ഞുപോകാൻ ആവശ്യപ്പെടുന്നത്. ദെയ്റൽ ബലാഹിലെ കഫറ്റേറിയയിലും വീട്ടിലും ഇസ്രയേൽ നടത്തിയ ബോംബാക്രമണങ്ങളിൽ 14 പലസ്തീൻകാർ കൊല്ലപ്പെട്ടു. ഇവിടെ ചിലയിടങ്ങളിൽ ഇസ്രയേൽ സൈന്യവും ഹമാസും തമ്മിൽ ഏറ്റുമുട്ടൽ തുടരുന്നുവെന്നാണ് റിപ്പോർട്ട്.

ജബാലിയയിൽ ഇന്നലെ 4 ഇസ്രയേൽ സൈനികർ കൊല്ലപ്പെട്ടു. ഇവിടെ ഒരു മാസത്തിനിടെ കൊല്ലപ്പെട്ട സൈനികരുടെ എണ്ണം 24 ആയി. ഇസ്രയേൽ ആക്രമണങ്ങളിൽ ഇവിടെ ഒരുമാസത്തിനിടെ നൂറുകണക്കിനു പലസ്തീൻകാരും കൊല്ലപ്പെട്ടെങ്കിലും കൃത്യമായ കണക്ക് ലഭ്യമല്ല. വടക്കൻ ഗാസയിൽ അടിയന്തര ജീവകാരുണ്യത്തിന് 30 ദിവസത്തിനകം അവസരമൊരുക്കണമെന്ന് കഴിഞ്ഞ മാസം 13 ന് യുഎസ് ആവശ്യപ്പെട്ടത് അവഗണിച്ചാണ് ഇസ്രയേൽ ആക്രമണങ്ങൾ തുടരുന്നതെന്നും സഹായവിതരണത്തിന് യുഎസ് ആവശ്യപ്പെട്ട ഒരുകാര്യവും ഇസ്രയേൽ ചെയ്തിട്ടില്ലെന്നും ഓക്സ്ഫാം, സേവ് ദ് ചിൽഡ്രൻ, നോർവീജിയൻ റാഫ്യൂജി കൗൺസിൽ എന്നിവയടക്കം 8 ജീവകാരുണ്യ സംഘടനകളുടെ റിപ്പോർട്ട് കുറ്റപ്പെടുത്തി. എന്നാൽ, ജബാലിയയിലും ബെയ്ത്ത് ഹാനൂനിലും നൂറുകണക്കിനു ഭക്ഷണപ്പൊതികളും വെള്ളവും വിതരണം ചെയ്യാൻ അനുവദിച്ചെന്ന് ഇസ്രയേൽ സൈന്യം പറഞ്ഞു. ലബനനിൽ വെടിനിർത്തലിനുള്ള സാധ്യത തള്ളിക്കളഞ്ഞ ഇസ്രയേൽ പ്രതിരോധമന്ത്രി ഇസ്രയേൽ കട്സ് ഇറാന്റെ ആണവകേന്ദ്രങ്ങൾ ആക്രമിക്കുമെന്ന സൂചനയും നൽകി. ലബനനിലെ ഐൻ യാക്കൂബ് ഗ്രാമത്തിൽ ബോംബാക്രമണത്തിൽ 16 പേർ കൊല്ലപ്പെട്ടു. അതിനിടെ, ഐക്യരാഷ്ട്ര സംഘടനയിലും അനുബന്ധ സമിതികളിലും ഇസ്രയേലിന്റെ പങ്കാളിത്തം മരവിപ്പിക്കണമെന്ന് സൗദിയിൽ നടന്ന അറബ്ഇസ്ലാമിക് ഉച്ചകോടി ആവശ്യപ്പെട്ടു. ഗാസയിൽ ഇതുവരെ ഇസ്രയേൽ ആക്രമണങ്ങളിൽ 43,665 പലസ്തീൻകാർ കൊല്ലപ്പെട്ടു. 1,03,076 പേർക്കു പരുക്കേറ്റു. ലബനനിൽ 3,243 പേരും കൊല്ലപ്പെട്ടു.

# തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനെ മർദിച്ച സ്ഥാനാർഥി അറസ്റ്റിൽ; രാജസ്ഥാനിൽ സംഘർഷം

ജയ്പുർ: തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനെ ആക്രമിച്ച സ്ഥാനാർഥിയെ അറസ്റ്റ് ചെയ്തതിനെത്തുടർന്ന് രാജസ്ഥാനിൽ സംഘർഷം. ടോങ്കിൽ ആണ് സംഭവം.

ദിയോലി ഉനൈറ മണ്ഡലത്തിലെ സ്വതന്ത്ര സ്ഥാനാർഥി നരേഷ് മീണയെ അറസ്റ്റ് ചെയ്തതിനെത്തുടർന്നാണ് സംഘർഷം പൊട്ടിപ്പുറപ്പെട്ടത്. മീണയുടെ അനുയായികൾ സംറ്വവാതയ്ക്കു സമീപം സ്റ്റേറ്റ് ഹൈവേ ഉപരോധിക്കുകയും ടയറുകൾ കൂട്ടിയിട്ട് കത്തിച്ച് വാഹന ഗതാഗതം തടയുകയും ചെയ്തു.

പോലീസും അർധ സൈനിക വിഭാഗവും സ്ഥലത്തെത്തി. പ്രദേശത്ത് സ്ഥിതിഗതികൾ നിയന്ത്രണവിധേയമാണെന്ന് ടോങ്ക് എസ്പി വികാസ് സാംഗ്വാൻ പറഞ്ഞു. സംറ്വവാത ഗ്രാമത്തിലെ പോളിംഗ് ബൂത്തിൽ വച്ച് തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനായ സബ് ഡിവിഷണൽ മജിസ്ട്രേറ്റ് അമിത് ചൗധരിയെയാണ് നരേഷ് മീണ മർദിച്ചത്.തന്റെ അനുയായികളെ തടഞ്ഞു എന്നാരോപിച്ചായിരുന്നു പോളിംഗ് ഉദ്യോഗസ്ഥനെ കൈയേറ്റം ചെയ്തത്. ആക്രമണത്തിന്റെ ദൃശ്യം തെരഞ്ഞെടുപ്പ് കമ്മീഷന്റെ വീഡിയോയിൽ പതിഞ്ഞിരുന്നു. ഇതിനു പിന്നാലെ നരേഷ് മീണയ്ക്കെതിരെ പോലീസ് കേസെടുത്തു.

കീഴടങ്ങാൻ ആവശ്യപ്പെട്ടെങ്കിലും കൂട്ടാക്കാതിരുന്ന നരേഷ് മീണയെ രാത്രി നാടകീയമായി ബലപ്രയോഗത്തിലൂടെ അറസ്റ്റ് ചെയ്യുകയായിരുന്നു. കീഴടങ്ങില്ലെന്ന് പറഞ്ഞ നരേഷ് മീണ, അനുയായികളോട് പോലീസിനെ വളയാനും ഗതാഗതം തടസപ്പെടുത്താനും ആവശ്യപ്പെട്ടിരുന്നു.

ഇതേത്തുടർന്ന് പ്രദേശത്ത് വൻ പോലീസ് സേനയെയാണ് വിന്യസിച്ചിരുന്നത്. ഉപതെരഞ്ഞെടുപ്പിൽ സീറ്റ് നിഷേധിച്ചതിനെത്തുടർന്നാണ് നരേഷ് മീണ സ്വതന്ത്രനായി മത്സരിക്കുന്നത്. ഇതേത്തുടർന്ന് നരേഷ് മീണയെ കോൺഗ്രസിൽ നിന്നും പുറത്താക്കിയിരുന്നു.

# ഇസ്രയേലിനെ വിമർശിച്ച് മുഹമ്മദ് ബിൻ സൽമാൻ

റിയാദ്: ഗാസ യുദ്ധത്തിൽ ഇസ്രയേലിനെ നിശിതമായി വിമർശിച്ച് സൗദി രാജകുമാരൻ മുഹമ്മദ് ബിൻ സൽമാൻ. ഇസ്രയേൽ ഗാസയിൽ വംശീയ ഉന്മൂലനം നടത്തുന്നതായി അദ്ദേഹം ആരോപിച്ചു.

പലസ്തീൻ രാഷ്ട്രരൂപവത്കരണത്തിനു നടപടികളാവശ്യപ്പെട്ട് റിയാദിൽ ചേർന്ന അറബ്, മുസ്‌ലിം ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഒരു വർഷം പിന്നിട്ട ഗാസ യുദ്ധത്തിൽ സൗദി ഭരണനിയന്താവ് ഇസ്രയേലിനെ പരസ്യമായി വിമർശിക്കുന്നത് ആദ്യമാണ്. പരമ്പരാഗത വൈരികളായ ഇറാനും സൗദിയും തമ്മിൽ ബന്ധം മെച്ചപ്പെടുന്നതിന്റെ സൂചന സൗദി രാജകുമാരൻ നല്കി. ലബനനിലും ഇറാനിലും ഇസ്രയേൽ നടത്തിയ ആക്രമണങ്ങളെ അദ്ദേഹം അപലപിച്ചു. ഇറേനിയൻ മണ്ണിൽ ആക്രമണത്തിനു മുതിരരുതെന്ന മുന്നറിയിപ്പും ഇസ്രയേലിനു നല്കി.

ഇസ്രേലി സേന ഗാസയിൽനിന്നും വെസ്റ്റ്ബാങ്കിൽ നിന്നും പിന്മാറണമെന്ന് ഉച്ചകോടി ആവശ്യപ്പെട്ടു. ഗാസ യുദ്ധം അവസാനിപ്പിക്കാൻ കഴിയാത്തത് അന്താരാഷ്ട്ര സമൂഹത്തിന്റെ പരാജയമാണെന്നു സൗദി വിദേശകാര്യമന്ത്രി ഫൈസൽ ബിൻ ഫർഹാൻ പറഞ്ഞു.

ഡോണൾഡ് ട്രംപ് വീണ്ടും യുഎസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു ദിവസങ്ങൾക്കമാണ് മുസ്‌ലിം നേതാക്കൾ യോഗം ചേർന്നത്. ഇസ്രയേലുമായി മാത്രമല്ല, അറബ് നേതാക്കളുമായും ട്രംപിനു നല്ല ബന്ധമുണ്ട്.

പശ്ചിമേഷ്യാ സംഘർഷം അവസാനിപ്പിക്കാൻ ട്രംപ് മുൻകൈ എടുക്കണമെന്നു ഗൾഫ് രാജ്യങ്ങൾ ആഗ്രഹിക്കുന്നതായി റിപ്പോർട്ടുണ്ട്.

# ഗർഭിണിയെ ചിരവകൊണ്ട് കുത്തിപരിക്കേല്പിച്ചു; ഭർത്താവിനെതിരെ കേസെടുത്തു

കോഴിക്കോട്: നാദാപുരത്ത് രണ്ടുമാസം ഗർഭിണിയായ ഭാര്യയെ ചിരവകൊണ്ട് കുത്തിപ്പരിക്കേല്പിച്ച സംഭവത്തിൽ ഭർത്താവിനെതിരെ നാദാപുരം പൊലീസ് വധശ്രമത്തിന് കേസെടുത്തു.

നരിപ്പറ്റ സ്വദേശി കിണറുള്ള പറമ്പത്ത് മൊയ്തുവിന്റെ മകൾ ഷംന (27) ക്കാണ് നാദാപുരം തെരുവം പറമ്പിലെ ഭർതൃവീട്ടിൽ വെച്ച് കുത്തേറ്റത്. തിങ്കളാഴ്ച വൈകുന്നേരമാണ് സംഭവം. ഷംനയുടെ ഇടത് വയറിനും കൈക്കുമാണ് കുത്തേറ്റത്. ഭർത്താവ് ഫൈസലിന്റെ ചിയ്യൂരിലെ വീട്ടിൽ വെച്ചാണ് അക്രമം നടന്നത്. നിലവിളികേട്ട് ഓടിയെത്തിയ നാട്ടുകാരാണ് യുവതിയെ ഉടൻ കല്ലാച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചത്. ഷംനയുടെ പേരിലുള്ള സ്വത്ത് തന്റെ പേരിലേക്ക് മാറ്റി നൽകണമെന്ന് ആവശ്യപ്പെട്ടാണ് മർദ്ദനമെന്ന് ഷംനയുടെ സഹോദരൻ ഷംനാദ് ആരോപിച്ചു. നേരത്തെയും ഫൈസൽ ഷംനയെ ഉപദ്രവിച്ചിട്ടുണ്ടെന്നും ഷംനാദ് പറഞ്ഞു. വടകരയിലെ സ്വകാര്യ ആശുപത്രിയിൽ നിന്ന് ഇന്നലെ ഷംനയെ വിദഗ്ധ ചികിത്സയ്ക്കായി കോഴിക്കോട്ടെ ആശുപത്രിയിലേക്ക് മാറ്റി. പൊലീസ് യുവതിയുടെ മൊഴി രേഖപ്പെടുത്തി കേസെടുക്കുകയായിരുന്നു. കുടുംബ വഴക്കാണ് അക്രമത്തിൽ കലാശിച്ചതെന്ന് പൊലീസ് പറഞ്ഞു. അക്രമത്തിന് ശേഷം വീട്ടിൽ നിന്ന് ഓടി രക്ഷപ്പെട്ട ഫൈസലിന് വേണ്ടി അന്വേഷണം ആരംഭിച്ചതായി പൊലീസ് അറിയിച്ചു.

# രണ്ട് പതിറ്റാണ്ടിനിടെ ബലാത്സംഗം ചെയ്തത് 200ലേറെ സ്ത്രീകളെ; ഇറാനിൽ 43 കാരന് പരസ്യ വധശിക്ഷ

ടെഹ്റാൻന്മ കഴിഞ്ഞ രണ്ട് പതിറ്റാണ്ടായി നിരവധി സ്ത്രീകളെ ബലാത്സംഗം ചെയ്തതിന് ഇറാനിൽ 43 കാരനെ പരസ്യമായി വധിച്ചു. മുഹമ്മദ് അലി സലാമത്തിനെയാണ് തൂക്കിലേറ്റിയത്. ഇറാന്റെ പടിഞ്ഞാറൻ നഗരമായ ഹമേദാനിലെ സെമിത്തേരിയിലാണ് വധശിക്ഷ നടപ്പിലാക്കിയത്. നഗരത്തിൽ ഫാർമസിയും ജിമ്മും നടത്തിയിരുന്ന മുഹമ്മദ് അലിക്കെതിരെ ഇരുന്നൂറോളം സ്ത്രീകളാണ് പരാതി നൽകിയത്. സ്ത്രീകളോട് വിവാഹഭ്യർഥന നടത്തുകയോ ഡേറ്റിങ്ങിൽ ഏർപ്പെടുകയോ ചെയ്ത് അടുപ്പം സൃഷ്ടിക്കുന്നതാണ് മുഹമ്മദ് അലിയുടെ പതിവ് രീതി. ഇതിനു ശേഷമായിരുന്നു ബലാത്സംഗം. ചിലർക്ക് ഇയാൾ ഗർഭ നിരോധന ഗുളികകളും നൽകി. ജനുവരിയിലാണ് മുഹമ്മദ് അലി അറസ്റ്റിലാകുന്നത്. അറസ്റ്റിനു പിന്നാലെ നൂറുകണക്കിന് ആളുകൾ നഗരത്തിലെ നീതിന്യായ വകുപ്പിൽ തടിച്ചുകൂടി മുഹമ്മദ് അലിക്ക് വധശിക്ഷ നൽകണമെന്ന് ആവശ്യപ്പെടുകയായിരുന്നു. 2005ൽ 20 കുട്ടികളെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ 24 കാരനെ ഇറാൻ പരസ്യമായി തൂക്കിലേറ്റിയിരുന്നു. 1997ൽ ടെഹ്റാനിൽ ഒമ്പത് പെൺകുട്ടികളേയും സ്ത്രീകളേയും തട്ടിക്കൊണ്ടുപോയി ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയതിന് 28കാരനെയും തൂക്കിലേറ്റിയിരുന്നു. ബലാത്സംഗവും വ്യഭിചാരവും ഇറാനിൽ വധശിക്ഷ ലഭിക്കാവുന്ന കുറ്റങ്ങളാണ്. അതിനിടെ ഇറാനിൽ വർധിച്ചു വരുന്ന വധശിക്ഷകളുടെ എണ്ണം മനുഷ്യാവകാശ സംഘടനകളുടെ പ്രതിഷേധത്തിന് ഇടയാക്കിയിട്ടുണ്ട്.

# ഭിന്നശേഷിയുള്ളവർക്ക് സൗജന്യ തൊഴിൽ പരിശീലനം

തിരുവനന്തപുരം : പൂജപ്പുരയിൽ പ്രവൃത്തിക്കുന്ന ഭിന്നശേഷിക്കാരുടെ തൊഴിൽ പരിശീലന കേന്ദ്രത്തിൽ 2024 26 അധ്യയന വർഷത്തേക്ക് വിവിധ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. പോസ്റ്റ് പ്രസ്സ് ഓപ്പറേഷൻ ആന്റ് ഫിനിഷിംഗ്, ഫാഷൻ ഡിസൈനിംഗ് ആന്റ് ഗാർമെന്റ് ടെക്നോളജി എന്നീ കേഴ്സുകളിലേക്ക് 15നും 30നും മധ്യേ പ്രായമുള്ള ഭിന്നശേഷിക്കാർക്ക് അപേക്ഷിക്കാം. പെൺകുട്ടികൾക്ക് താമസ സൗകര്യം സൗജന്യമാണ്.

അപേക്ഷാ ഫോം തൊഴിൽ പരിശീലന കേന്ദ്രത്തിൽ ലഭിക്കും. നിശ്ചിതഫോറത്തിലോ വെള്ള പേപ്പറിലോ തയ്യാറാക്കിയ അപേക്ഷകൾ ബയോഡാറ്റയും ഫോൺ നമ്പറും സഹിതം നവംബർ 30ന് മുമ്പായി അയക്കുക. വിലാസം: സൂപ്പർവൈസർ, ഭിന്നശേഷിക്കാരുടെ തൊഴിൽ പരിശീലന കേന്ദ്രം, പൂജപ്പുര, തിരുവനന്തപുരം 695012.ഫോൺ: 04712343618,2343241

# കോൺഗ്രസ് എംഎൽഎമാർക്ക് ബിജെപി 50 കോടി രൂപ വീതം വാഗ്ദാനം ചെയ്തുവെന്ന് സിദ്ധരാമയ്യ

ബംഗളൂരു: കർണാടകയിൽ കോൺഗ്രസ് നേതൃത്വത്തിലുള്ള സർക്കാരിനെ താഴെയിറക്കാൻ ബിജെപി 50 കോൺഗ്രസ് എംഎൽഎമാർക്ക് 50 കോടി രൂപ വീതം വാഗ്ദാനം ചെയ്തതായി കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ.

കോൺഗ്രസ് എംഎൽഎമാരെ വിലയ്ക്കെടുക്കാനുള്ള പദ്ധതി വിജയിക്കാത്തതിനാലാണ് തനിക്കും സർക്കാരിനുമെതിരെ ബിജെപി തെറ്റായ ആരോപണങ്ങൾ ഉന്നയിക്കുന്നതെന്നും സിദ്ധരാമയ്യ ആരോപിച്ചു.

ഈ പണം എവിടെ നിന്ന് വരുന്നു. ബി.എസ്. യെദിയൂരപ്പയും ബസവരാജ് ബൊമ്മൈയും നോട്ടുകൾ അച്ചടിക്കുന്നുണ്ടോയെന്നും അദ്ദേഹം ചോദിച്ചു. ഇത് അഴിമതി പണമാണ്. അവരുടെ കൈയിൽ കോടികളുണ്ട്. അവർ ഇത് ഉപയോഗിച്ച് എംഎൽഎമാരെ വിലയ്ക്ക് വാങ്ങാൻ ശ്രമിക്കുന്നു.

തങ്ങളുടെ എംഎൽഎമാർ വഴങ്ങിയില്ല. അതിനാൽ അവർ എന്നെ കളങ്കിതനെന്ന് മുദ്രക്കുത്തി നീക്കം ചെയ്യാൻ ശ്രമിക്കുകയാണെന്നും സിദ്ധരാമയ്യ കൂട്ടിച്ചേർത്തു.

# വ്യവസായവകുപ്പിന്റെ ഭൂമി പൂർണമായും പ്രയോജനപ്പെടുത്തും

കൊച്ചി: സംസ്ഥാന വ്യവസായ വകുപ്പിന്റെ വ്യവസായ എസ്റ്റേറ്റുകളിലെ ഭൂമി പൂർണമായി ഉപയോഗപ്പെടുത്തുമെന്നും ഒരു തുണ്ട് ഭൂമിപോലും വെറുതെ കിടക്കാതിരിക്കാൻ ഉദ്യോഗസ്ഥർ ശ്രദ്ധിക്കണമെന്നും വ്യവസായമന്ത്രി പി രാജീവ് പറഞ്ഞു. സംസ്ഥാന സർക്കാരിന്റെ സംരംഭക വർഷം പരിപാടിയുടെ അവലോകനവും പുതുസംരംഭങ്ങളുടെ എണ്ണം മൂന്നുലക്ഷം കടന്നതിന്റെ ആഘോഷവും ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

പിഎംഎഫ്എംഇ (പ്രധാൻ മന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിങ് എന്റർപ്രൈസസ്) വെബ്സൈറ്റും മന്ത്രി പുറത്തിറക്കി. കേരളം 32 മാസം കൊണ്ടാണ് 3,25,271 പുതിയ സംരംഭങ്ങൾ എന്ന നേട്ടം കൈവരിച്ചത്. ഇതിലൂടെ 20, 824.09 കോടി നിക്ഷേപമെത്തി. 6,89,840 തൊഴിലവസരം സൃഷ്ടിച്ചു. ഇതൊരു ചരിത്രനേട്ടമാണ്.

സംരംഭങ്ങളുടെ എണ്ണത്തിൽ തിരുവനന്തപുരം ജില്ലയും നിക്ഷേപത്തിൽ എറണാകുളവും ഒന്നാമതെത്തി. പുതിയ സംരംഭകരിൽ 1,03,988 പേർ വനിതകളാണ്. ഇവരെ ആദരിക്കാൻ ജനുവരിയിൽ കൊച്ചിയിൽ വനിതാ സംരംഭക സംഗമം സംഘടിപ്പിക്കും. വ്യവസായ സൗഹൃദത്തിൽ ഒന്നാം സ്ഥാനമടക്കം ദേശീയതലത്തിലും സംസ്ഥാനതലത്തിലും വ്യവസായ വകുപ്പിന്റെ നേട്ടങ്ങളും നിയമഭേദഗതികളും ജനങ്ങളിലേക്കും സംരംഭകരിലേക്കുമെത്തിക്കാൻ ഉദ്യോഗസ്ഥർ നേരിട്ടിറങ്ങണം.

ജനുവരിയിൽ നടക്കുന്ന കേരള ഇൻവെസ്റ്റ്മെന്റ് സമ്മിറ്റ് ചരിത്ര സംഭവമാകുമെന്നും ഉദ്യോഗസ്ഥരും പൊതുജനങ്ങളും സംരംഭകരും ഇതിന്റെ ബ്രാൻഡ് അംബാസഡർമാരാകണമെന്നും മന്ത്രി അഭ്യർഥിച്ചു.

വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ പി എം മുഹമ്മദ് ഹനീഷ്, കെഎസ്ഐഡിസി എംഡി എസ് ഹരികിഷോർ, വ്യവസായ ഡയറക്ടർ കെ ഗോപാലകൃഷ്ണൻ, അഡീഷണൽ ഡയറക്ടർ ജി രാജീവ്, കിൻഫ്ര എംഡി സന്തോഷ് കോശി തോമസ്, സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷൻ പ്രസിഡന്റ് എ നിസാറുദ്ദീൻ, സിഐഐ മുൻ ചെയർമാൻ ശിവദാസ് ബി മേനോൻ, ഫിക്കി പ്രതിനിധി യു സി റിയാസ് എന്നിവർ പങ്കെടുത്തു.

# മുക്കുപണ്ടം പണയംവച്ച് തട്ടിപ്പ്: പ്രതി അറസ്റ്റിൽ

പൂന്തുറ: മുക്കുപണ്ടം സ്വർണമെന്നു തെറ്റിധരിപ്പിച്ചു പണയംവച്ച് തട്ടിപ്പ് നടത്തിയ കേസിലെ പ്രതിയെ പൂന്തുറ പോലീസ് അറസ്റ്റ് ചെയ്തു. കോട്ടുകാൽ വില്ലേജിൽ കോട്ടുകാൽ ദേശത്ത് ഹൗസ് നമ്പർ 112 കുഴിയംവിള വീട്ടിൽ മുസ്തഫയുടെ മകൻ നുജുമി (പ്രകാശ് 50)നെ യാണ് അറസ്റ്റ് ചെയ്തത്.

ആസാദ് നഗറിലുള്ള കെഎൽപി ഫൈനാൻസിലെത്തിയ പ്രതി 916 മുദ്ര പതിപ്പിച്ച 23.4 ഗ്രാം തൂക്കം വരുന്ന മുക്കുപണ്ടം സ്വർണമാണെന്നു സ്ഥാപനത്തിലെ ജീവനക്കാരെ പറഞ്ഞു വിശ്വസിപ്പിച്ച് പണയംവച്ച് 1,12, 000 രൂപ തട്ടിയെടുക്കുകയായിരുന്നു.

സ്ഥാപന ഉടമ ദിവസങ്ങൾക്കുശേഷം നടത്തിയ വിശദമായ പരിശോധനയിൽ പണയവസ്തു വ്യാജമാണെന്നു മനസിലായതിനെ തുടർന്ന് പൂന്തുറ പോലീസിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പോലീസ് കേസെടുത്ത് നടത്തിയ അന്വേഷണത്തിലാണ് പ്രതിയെ കഴിഞ്ഞ ദിവസം അറസ്റ്റ് ചെയ്തത്.

പൂന്തുറ എസ്എച്ച്ഒ സാജുവിന്റെ നേതൃത്വത്തിൽ എസ്ഐമാരായ സുനിൽ, ജയപ്രകാശ് എന്നിവരുൾപ്പെട്ട പോലീസ് സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. ഇന്നലെ കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

# റെജിമെന്റൽ തെറാപ്പി കോഴ്സ്

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ കോഴിക്കോട് മർക്കസ് യുനാനി മെഡിക്കൽ കോളേജ് നടത്തുന്ന ഒരു വർഷം ദൈർഘ്യമുള്ള സർക്കാർ അംഗീകൃത യുനാനി റെജിമെന്റൽ തെറാപ്പി കോഴ്സിന് അപേക്ഷ ക്ഷണിച്ചു. വിശദ വിവരങ്ങൾ www.gactvm.kerala.gov.in, www.gack.kerala.gov.in, www.ayurvedacollege.ac.in, www.markazunanimedicalcollege.org എന്നിവയിൽ ലഭ്യമാണ്. അപേക്ഷാഫോം വെബ്സൈറ്റിൽ ലഭിക്കും. ജനറൽ വിഭാഗത്തിന് 300 രൂപയും എസ്.സി/ എസ്.ടി വിഭാഗത്തിന് 200 രൂപയുമാണ് ഫീസ്. അപേക്ഷാ ഫീസ് ഏതെങ്കിലും സർക്കാർ ട്രഷറിയിൽ '02100310198ചരവേല്യൃലരലശു' എന്ന ശീർഷകത്തിൽ ഫീസ് അടച്ച് അസ്സൽ ചെലാൻ അപേക്ഷാ ഫോമിനൊപ്പം സമർപ്പിക്കണം. എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യമാണ് അടിസ്ഥാന യോഗ്യത. സംവരണ ആനുകൂല്യത്തിന് അർഹതയുള്ളവർ ബന്ധപ്പെട്ട രേഖകൾ സമർപ്പിക്കണം. അപേക്ഷകൾ നവംബർ 20 വൈകിട്ട് 5 മണിവരെ ഡയറക്ടർ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, ആരോഗ്യഭവൻ, എം.ജി റോഡ്, തിരുവനന്തപുരം 695 001 എന്ന വിലാസത്തിൽ സ്വീകരിക്കും.

# ശ്രുതിതരംഗം പദ്ധതിയുമായി സഹകരിച്ച് കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ

## *രണ്ട് വർഷത്തേയ്ക്ക് 13 കോടി രൂപ നൽകും

ശ്രുതിതരംഗം പദ്ധതിയുമായി കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ സഹകരിക്കുന്നു. ഇതുസംബന്ധിച്ച ധാരണാപത്രം ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജിന്റെ സാന്നിധ്യത്തിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയും ചിറ്റിലപ്പിള്ളി ഫൗണ്ടേഷനും ഒപ്പു വച്ചു. തുടക്കത്തിൽ രണ്ട് വർഷത്തേക്കാണ് ആരോഗ്യ വകുപ്പുമായി ഫൗണ്ടേഷൻ സഹകരിക്കുന്നത്. കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിക്കും അനുബന്ധ സേവനമായ പ്രോസസറിന്റെ അപ്ഗ്രേഡ് പ്രവർത്തനത്തിനുമായി രണ്ട് വർഷ കാലയളവിലേക്ക് പാക്കേജ് തുകയുടെ 50 ശതമാനം നിശ്ചിത കേസുകൾക്ക് ധനസഹായം നൽകും. ഇതിനായി 13 കോടി രൂപ ഫൗണ്ടേഷൻ പദ്ധതിക്കായി നൽകും.

ശ്രവണ വൈകല്യം നേരിടുന്ന 5 വയസിൽ താഴെയുള്ള കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷനും അനുബന്ധ സേവനങ്ങളും സൗജന്യമായി ഉറപ്പാക്കുവാനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ശ്രുതിതരംഗം. നിലവിൽ ആരോഗ്യ വകുപ്പിന് കീഴിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയാണ് പദ്ധതിയുടെ നിർവഹണ ചുമതല വഹിക്കുന്നത്. ശ്രുതിതരംഗം പദ്ധതിയിൽ ലഭിച്ച എല്ലാ അപേക്ഷകൾക്കും സാങ്കേതിക സമിതി പരിശോധനകൾക്ക് ശേഷം അനുമതി നൽകിയിട്ടുണ്ട്.

കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയ്ക്കായി സാങ്കേതിക സമിതി അംഗീകാരം നൽകിയ 132 കുട്ടികളിൽ 105 പേരുടെ ശസ്ത്രക്രിയകൾ പൂർത്തിയായി. 834 പേരിൽ 643 പേരുടെ ഉപകരണങ്ങളുടെ മെയിന്റനൻസ് നടത്തി. ഉപകരണങ്ങളുടെ പ്രോസസർ അപ്ഗ്രഡേഷന് വേണ്ടിയുള്ള 305 കുട്ടികളിൽ 271 പേരുടേത് പൂർത്തിയായി.

സ്റ്റേറ്റ് ഹെൽത്ത് ഏജൻസി എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. രത്തൻ യു ഖേൽക്കർ, ജോയിന്റ് ഡയറക്ടമാരായ ഡോ. ബിജോയ് ഇ, അല്ലി റാണി, കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. ജോർജ് സ്ലീബ, വിനോദ് എന്നിവർ പങ്കെടുത്തു.

# ഭക്ഷ്യ കമ്മീഷൻ സന്ദർശിച്ചു

കോന്നി എൻഎഫ്എസ്എ ഗോഡൗണിൽ നിന്നും റേഷൻ വിതരണത്തിനെത്തിച്ച അരിയിൽ കുറവ് ഉണ്ടായെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ സംസ്ഥാന ഭക്ഷ്യ കമ്മീഷൻ ചെയർപേഴ്സൺ ഡോ. ജിനു സഖറിയ ഉമ്മന്റെ നേതൃത്വത്തിലുള്ള സംഘം ഗോഡൗൺ സന്ദർശിച്ചു. ഭക്ഷ്യ കമ്മീഷൻ മെമ്പർ അഡ്വ. സബിദാ ബീഗം, മെമ്പർ സെക്രട്ടറി ബിജു ശങ്കർ എസ് എന്നിവർ പങ്കെടുത്തു. സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള റിപ്പോർട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തും.

# പ്രവേശനപരീക്ഷ പരീക്ഷയ്ക്ക് തെരഞ്ഞെടുത്തവരുടെ ലിസ്റ്റ്

2024 ഡിസംബർ ഒന്നിന് പരീക്ഷാഭവനിൽ നടക്കുന്ന ഡെറാഡൂൺ രാഷ്ട്രീയ ഇന്ത്യൻ മിലിട്ടറി കോളജിലേക്കുള്ള പ്രവേശന പരീക്ഷയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റ്, സമയവിവര പട്ടിക എന്നിവ https://pareekshabhavan.kerala.gov.in ൽ ലഭ്യമാണ്.

# തെളിമ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന്

റേഷൻ കാർഡുകളിലെ തെറ്റു തിരുത്തുന്നതിനും പുതിയ വിവരങ്ങൾ ഉൾക്കൊള്ളിക്കുന്നതിനുമായി പൊതുവിതരണ വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള തെളിമ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രി  രാവിലെ 9 ന് മണക്കാട് കുറ്റിക്കാട് ജംഗ്ഷന് സമീപമുള്ള എ.ആർ.ഡി 211 ൽ നിർവഹിക്കും.

എല്ലാ വർഷവും നവംബർ 15 മുതൽ ഡിസംബർ 15 വരെയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. റേഷൻ കാർഡുകളിലെ തെറ്റ് തിരുത്തുന്നതിന് സിവിൽ സപ്ലൈസ് ഓഫീസുകളിൽ പോകാതെ റേഷൻകടകളിൽ സ്ഥാപിച്ചിട്ടുള്ള ഡ്രോപ്പ് ബോക്സുകളിൽ അപേക്ഷകൾ നിക്ഷേപിക്കാം. ഡിസംബർ 15 വരെ റേഷൻകാർഡ് ഉടമകൾക്ക് ഇതിനുള്ള അവസരം ലഭിക്കും.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

NAUTICAL TIMES
KERALA

2024 Navember 15 Friday



സംസ്ഥാന ശിശുക്ഷേമ സമിതി സംഘടിപ്പിച്ച ശിശുദിനാഘോഷങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനത്തിൽ മന്ത്രി വീണാ ജോർജ് സംസാരിക്കുന്നു

# ആരോഗ്യകരമായ ശരണയാത്ര: ശബരിമല കയറും മുമ്പേ ഇക്കാര്യങ്ങൾ അറിയണം

### *സ്ഥിരമായി കഴിക്കുന്ന മരുന്നുകൾ വ്രതകാലത്ത് നിർത്തരുത്

മറ്റൊരു മണ്ഡല കാലത്തിന് വിപുലമായ സംവിധാനങ്ങൾ ആരോഗ്യ വകുപ്പ് സജ്ജമാക്കി വരുന്നതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. ആരോഗ്യ വകുപ്പിലേയും മെഡിക്കൽ കോളേജുകളിലേയും ഡോക്ടർമാരെ കൂടാതെ വിദഗ്ധ സന്നദ്ധ ആരോഗ്യ പ്രവർത്തകരുടേയും സേവനം ഉറപ്പാക്കിയിട്ടുണ്ട്.

എല്ലാ പ്രധാന ശബരിമല പാതകളിലും ആരോഗ്യ വകുപ്പിന്റെ സേവനം ലഭ്യമാണ്. എല്ലാവരും ആരോഗ്യ വകുപ്പിന്റെ നിർദേശങ്ങൾ കൃത്യമായി പാലിക്കണം. പമ്പയിലെ കൺട്രോൾ സെന്റർ 24 മണിക്കൂറും പ്രവർത്തിക്കും. ആരോഗ്യ പ്രവർത്തകരുടെയും വിവിധ ഭാഷകൾ കൈകാര്യം ചെയ്യുന്നവരുടെയും സേവനം ഇവിടെ ഉറപ്പാക്കിയിട്ടുണ്ട്. മലകയറ്റത്തിൽ എന്തെങ്കിലും ബുദ്ധിമുട്ട് തോന്നുന്നെങ്കിൽ തൊട്ടടുത്തുള്ള ആരോഗ്യ കേന്ദ്രത്തിൽ ചികിത്സ തേടണം. മലയാളം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, തെലുങ്ക്, കന്നട തുടങ്ങി വിവിധ ഭാഷകളിൽ അവബോധം ശക്തമാക്കിയിട്ടുള്ളതായും മന്ത്രി വ്യക്തമാക്കി.

ശബരിമല തീർത്ഥാടന വേളയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

നിലവിൽ വിവിധ രോഗങ്ങൾക്കായി ചികിത്സയിലിരിക്കുന്നവർ ദർശനത്തിനായി എത്തുമ്പോൾ ചികിത്സാരേഖകളും കഴിക്കുന്ന മരുന്നുകളും കൈവശം കരുതേണ്ടതാണ്

സ്ഥിരമായി കഴിക്കുന്ന മരുന്നുകൾ വ്രതകാലത്ത് നിർത്തരുത്

മല കയറുമ്പോൾ ഉണ്ടാകാവുന്ന ആരോഗ്യ പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനായി ദർശനത്തിന് എത്തുന്നതിന് ദിവസങ്ങൾക്ക് മുൻപേ നടത്തം ഉൾപ്പെടെയുള്ള ലഘു വ്യായാമങ്ങൾ ചെയ്ത് തുടങ്ങേണ്ടതാണ്

സാവധാനം മലകയറുക. ഇടയ്ക്കിടയ്ക്ക് വിശ്രമിക്കുക

മല കയറുന്നതിനിടയിൽ ക്ഷീണം, തളർച്ച, നെഞ്ചുവേദന, ശ്വാസതടസം എന്നിവ ഉണ്ടായാൽ മല കയറുന്നത് നിർത്തി എത്രയും പെട്ടെന്ന് വൈദ്യസഹായം തേടുക

04735 203232 എന്ന നമ്പറിൽ അടിയന്തര സഹായത്തിനായി വിളിക്കാവുന്നതാണ്

തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കുക

ഭക്ഷണം കഴിക്കുന്നതിന് മുൻപ് കൈകൾ സോപ്പുപയോഗിച്ച് കഴുകുക

പഴങ്ങൾ നന്നായി കഴുകിയതിന് ശേഷം മാത്രം കഴിക്കുക

പഴകിയതോ തുറന്നുവച്ചതോ ആയ ആഹാരം കഴിക്കരുത്

മലമൂത്രവിസർജ്ജനം തുറസ്സായ സ്ഥലങ്ങളിൽ നടത്തരുത്. ശൗചാലയങ്ങൾ ഉപയോഗിക്കുക. ശേഷം കൈകൾ സോപ്പുപയോഗിച്ച് കഴുകുക

മാലിന്യങ്ങൾ വലിച്ചെറിയരുത്. അവ വേസ്റ്റ് ബിന്നിൽ മാത്രം നിക്ഷേപിക്കുക

പാമ്പുകടിയേറ്റാൽ എത്രയും പെട്ടെന്ന് വൈദ്യസഹായം തേടുക. പാമ്പ് വിഷത്തിനെതിരെയുള്ള മരുന്ന് ലഭ്യമാണ്

## ജൻജാതീയ ഗൗരവ് ദിവസ് നവംബർ 15ന്

പ്രമുഖ ഗോത്ര വർഗ നേതാവും സ്വാതന്ത്ര്യ സമര സേനാനിയുമായ ഭഗവാൻ ബിർസ മുണ്ടയുടെ ജന്മദിനമായ നവംബർ 15 ജൻജാതീയ ഗൗരവ് ദിവസമായി ആഘോഷിക്കുന്നു. ഈ വർഷത്തെ ആഘോഷം പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്ത് രാജ്യത്തുടനീളമുള്ള 100 ജില്ലകളിലെ ജനങ്ങളുമായി സംവദിക്കും. ഇന്ത്യയിലെ ഗ്രോത്ര സമൂഹങ്ങളുടെ സാമൂഹികസാമ്പത്തിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതിയായ 'ധർത്തി ആബ ജൻജാതിയ ഗ്രാം ഉത്കർഷ് അഭിയാൻ' (ഉഅഖഎഡഅ) യുടെ ഉദ്ഘാടനവും പ്രധാനമന്ത്രി നിർവഹിക്കും.

സംസ്ഥാനതല ആഘോഷങ്ങളുടെ ഭാഗമായി ഇടുക്കി ജില്ലയിലെ കുമളി ഗ്രാമപഞ്ചായത്തിലുള്ള മണ്ണക്കുടി കമ്മ്യൂണിറ്റി ഹാളിലും കാസർകോട് മാവിനക്കട്ട ഗ്രാമത്തിലും സംഘടിപ്പിക്കുന്ന പരിപാടിയിൽ കേന്ദ്ര മത്സ്യബന്ധന മൃഗസംരക്ഷണ ന്യൂനപക്ഷകാര്യ സഹമന്ത്രി ജോർജ് കുര്യൻ മുഖ്യാതിഥിയാകും.

## ഭിന്നശേഷി അവകാശ നിയമ ബോധവൽക്കരണം മാനവിക ദൗത്യം : മന്ത്രി ആർ ബിന്ദു

ഭിന്നശേഷിക്കാർക്കായുള്ള അവകാശ നിയമത്തിന്റെ വ്യവസ്ഥകൾ സമൂഹത്തിന്റെ പ്രാദേശിക തലത്തിൽ അറിയിക്കേണ്ടത് മാനവിക ദൗത്യമാണെന്ന് സാമൂഹ്യനീതി വകുപ്പ് മന്ത്രി ആർ ബിന്ദു. സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റിന്റെ ആഭിമുഖ്യത്തിൽ ഭിന്നശേഷി അവകാശ നിയമത്തിന്റെ സമഗ്ര ബോധവൽക്കരണത്തിനായി പരിശീലനം നേടിയ പരിശീലകരുടെ സംഗമവും സംസ്ഥാനതല ഉദ്ഘാടനവും തൈക്കാട് ഗസ്റ്റ് ഹൗസിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. ഭിന്നശേഷി വിഭാഗങ്ങൾക്കുള്ള അവകാശങ്ങൾ, ആനുകൂല്യങ്ങൾ, സംരക്ഷണം, നിയമപരമായ അറിവുകൾ എന്നിവ പൊതുസമൂഹത്തിന് നൽകുവാൻ പരിശീലകർക്ക് സാധിക്കും.

ഭിന്നശേഷിക്കാർക്കുള്ള അനുകൂല്യങ്ങൾ ഔദാര്യമല്ല, അവകാശമാണെന്ന ദിശാബോധത്തോടുകൂടിയുള്ള പ്രവർത്തനമാണ് ആവശ്യം. അതോടൊപ്പം വിവിധ സർക്കാർ വകുപ്പുകൾ നടപ്പിലാക്കുന്ന ഭിന്നശേഷി സൗഹൃദ പദ്ധതികൾ സമൂഹത്തെ അറിയിക്കേണ്ട ഉത്തരവാദിത്വവും പരിശീലകർക്കുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. സാമൂഹ്യനീതി വകുപ്പിന്റെയും ഭിന്നശേഷി കമ്മീഷണറേറ്റിന്റെയും കൃത്യമായ ഇടപെടലുകളിലൂടെ 1561 തസ്തികകളിൽ ഭിന്നശേഷിക്കാർക്കും അപേക്ഷിക്കാവുന്ന രീതിയിൽ യോഗ്യതയിൽ മാറ്റം വരുത്തുവാൻ കഴിഞ്ഞിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. ചടങ്ങിൽ ആന്റണി രാജു എംഎൽഎ അധ്യക്ഷത വഹിച്ചു. ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണർ ഡോ പി റ്റി ബാബുരാജ്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എം. സൈനുല്ലാബ്ദീൻ എന്നിവർ സംസാരിച്ചു.

## 1249 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു

സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങളുടെ ധനശേഖരണാർഥം 1249 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു. ഇതിനായുള്ള ലേലം നവംബർ 19ന് റിസർവ് ബാങ്കിന്റെ മുംബൈ ഫോർട്ട് ഓഫീസിൽ ഇകുബേർ സംവിധാനം വഴി നടക്കും.

ലേലം സംബന്ധിച്ച വിജ്ഞാപനത്തിനും (നമ്പർ: എസ്.എസ്1/472/2024ഫിൻ. തിയതി 13.11.2024) വിശദാംശങ്ങൾക്കും ധനവകുപ്പിന്റെ വെബ്സൈറ്റ് (www.finance.kerala.gov.in) സന്ദർശിക്കുക.

# മണ്ഡലമകരവിളക്ക് തീർഥാടനം: കുടിവെള്ള വിതരണത്തിന് വാട്ടർ അതോറിറ്റി പൂർണ സജ്ജം

ശബരിമല മണ്ഡലമകരവിളക്ക് തീർഥാടന കാലത്ത് കുടിവെള്ള വിതരണം സു?ഗമമാക്കുന്നതിന് എല്ലാ ക്രമീകരണങ്ങളും പൂർത്തിക്കി കേരള വാട്ടർ അതോറിറ്റി. തീർഥാടകർക്കായി പമ്പ മുതൽ സന്നിധാനം വരെ എട്ടു സംഭരണികളിലായി ഏകദേശം 68 ലക്ഷം ലിറ്റർ ജലം സംഭരിക്കുന്നുണ്ട്. താൽക്കാലിക ടാപ്പുകളും സ്ഥാപിച്ചിട്ടുണ്ട്.

ശബരിമലയിൽ റിവേഴ്സ് ഓസ്മോസിസ്(ആർഒ) പ്ലാന്റുകൾ വഴി ജലം ശുദ്ധീകരിച്ച് മണിക്കൂറിൽ 35000 ലിറ്റർ ശുദ്ധജലം വിതരണം ചെയ്യും. ആർഒ പ്ലാൻറുകളിൽ നിന്നു പൈപ്പുകൾ സ്ഥാപിച്ച് 103 കിയോസ്കുകളിലായി 270 ടാപ്പുകൾ വഴിയാണ് തീർത്ഥാടകർക്ക് കുടിവെള്ളം വിതരണം നടത്തുന്നത്. ആവശ്യാനുസരണം കൂടുതൽ കിയോസ്കുകൾ സ്ഥാപിക്കാനാണ് തീരുമാനം. നിലയ്ക്കൽ ബേസ് ക്യാംപിൽ വാട്ടർ അതോറിറ്റിയുടെ, മണിക്കൂറിൽ 1000 ലിറ്റർ ശേഷിയുള്ള 28 ആർഒ പ്ലാന്റുകളിൽ നിന്നുള്ള ജലം വിതരണം നടത്തുന്നതിന് ഏകദേശം 20 കിലോമീറ്റർ പിവിസി പൈപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. 80 കിയോസ്കുകളിൽ 226 ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്.

പമ്പശബരിമല ശുദ്ധജല വിതരണ പദ്ധതിയുടെ എല്ലാ ഘടകങ്ങളും പ്രവർത്തനസജ്ജമാണെങ്കിലും തീർഥാടനകാലത്ത് കൂടുതൽ കാര്യക്ഷമമാക്കുന്നതിന് അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. തീർഥാടകർക്ക് ശുദ്ധജലം വിതരണം നടത്താനായി വാട്ടർ അതോറിറ്റിയുടെ 13 എംഎൽഡി ഉൽപാദന ശേഷിയുള്ള കുടിവെള്ള പദ്ധതിയാണ് ശബരിമലയിലുള്ളത്.

പമ്പാ ത്രിവേണിയിലെ ഇൻടേക്ക് പമ്പ് ഹൌസിൽ നിന്ന് പ്രഷർ ഫിൽട്ടർ വഴി ശുദ്ധീകരിക്കുന്ന ജലം, പമ്പ ഭൂതലസംഭരണിയിൽ ശേഖരിച്ച് ക്ലോറിനേഷൻ നടത്തി പമ്പാമേഖലയിലും നീലിമലബോട്ടം പമ്പ് ഹൗസിലും തുടർന്ന് നീലിമല ടോപ്പ് പമ്പ് ഹൗസ്, അപ്പാച്ചിമേട് പമ്പ് ഹൗസ് വഴി ശരംകുത്തി സംഭരണിയിലും സന്നിധാനം ദേവസ്വം സംഭരണികളിലേക്കും ശേഖരിച്ച് സന്നിധാനത്തും കാനന പാതയിലും ജലവിതരണം ക്രമീകരിച്ചിരിക്കുന്നു.

ശബരിമല, പാണ്ടിത്താവളം എന്നിവിടങ്ങളിൽ ദേവസ്വം ബോർഡ് 1.90 എംഎൽഡി ജലം ഏഴു ടാങ്കുകളിലായി സംഭരിച്ചു വിതരണം നടത്തുന്നുണ്ട്. ദേവസ്വം ബോർഡ് കിയോസ്കുകളിലേക്കും ശൗചാലയങ്ങളിലേക്കും മറ്റ് സർക്കാർ അർധ സർക്കാർദേവസ്വം ബോർഡ് സ്ഥാപനങ്ങളിലേക്കും വാട്ടർ അതോറിറ്റിയാണ് ശുദ്ധജലമെത്തിക്കുന്നത്.നിലയ്ക്കലിൽ ജലവിതരണ പദ്ധതി നിലവിലില്ലാത്തതിനാൽ, ദേവസ്വം ബോർഡിന്റെ ആവശ്യാനുസരണം പമ്പയിൽ നിന്നും പെരുനാട്ടിൽ നിന്നും ടാങ്കർ ലോറിയിൽ നിലയ്ക്കലിൽ കുടിവെള്ളം എത്തിക്കുന്നുണ്ട്.

നിലയ്ക്കലിൽ 65 ലക്ഷം ലിറ്റർ ജലം സംഭരിക്കുന്നതിനായി ദേവസ്വം ബോർഡിൻറെ 40 ലക്ഷം ലിറ്റർ ടാങ്കിന് പുറമെ, കേരള വാട്ടർ അതോറിറ്റി 5 ലക്ഷത്തിന്റെ 3 സ്റ്റീൽ ടാങ്കുകളും 5000 ലിറ്ററിൻറെ 215 എച്ച്ഡിപിഇ ടാങ്കുകളും വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. പമ്പയിൽ നിന്ന് ടാങ്കർ ലോറിയിൽ ദേവസ്വം ബോർഡിന്റെ ആവശ്യാനുസരണം കുടിവെള്ളമെത്തിച്ച് വിതരണം ചെയ്യുന്നതാണ് പതിവ്. പെരുനാട് പഞ്ചായത്തിലെ വിവിധ ഇടത്താവളങ്ങിൽ പഞ്ചായത്ത് നിർദേശിക്കുന്നനുസരിച്ച് കുടിവെള്ളമെത്തിക്കുന്നതും വാട്ടർ അതോറിറ്റിയാണ്.

പന്തളം, റാന്നി, വടശ്ശേരിക്കര ഇടത്താവളങ്ങളിലും സുഗമമായ കുടിവെള്ള വിതരണം ഉറപ്പാക്കുന്നു. സമാന്തര പാതയായ സ്വാമിഅയ്യപ്പൻ റോഡിൽ ശുദ്ധജല വിതരണത്തിന് വിതരണക്കുലുകൾ സ്ഥാപിച്ച് ചരൽമേട് അഞ്ചാം വളവ് വരെയും ദേവസ്വം ബോർഡ് സ്ഥാപിക്കുന്ന ഇടോയ്ലറ്റ്, കിയോസ്ക്, പൊതുടാപ്പുകൾ എന്നിവയിലും ആവശ്യാനുസരണം കുടിവെള്ളം വിതരണം നടത്തിവരുന്നു.

ജലം ശുദ്ധീകരിക്കുന്നതിനുവേണ്ടി ത്രിവേണി ഇൻടേക്ക് പമ്പ് ഹൗസിനോട് ചേർന്ന് പ്രഷർ ഫിൽട്ടർ സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ നിന്ന് ശുദ്ധീകരിച്ച ജലം മറ്റു പമ്പ് ഹൗസുകളിലെത്തിച്ച് ഇലക്ട്രോക്ലോറിനേഷൻ സംവിധാനം വഴി അണുനശീകരണം നടത്തുന്നു. ഈ ജലത്തെ വീണ്ടും റിവേഴ്സ് ഓസ്മോസിസ് പ്ലാന്റ് വഴി ശുദ്ധീകരിച്ച് കിയോസ്കുകളിലൂടെ വിതരണം നടത്തുന്നു. ഈ പ്ലാന്റുകളിൽനിന്നുള്ള ജലം കേന്ദ്ര പൊതുജന ആരോഗ്യ പരിസ്ഥിതി എൻജിനിയറിംഗ് ഓർഗനൈസേഷനും ലോകാരോഗ്യ സംഘടനയും (ണഒഛ) നിഷ്കർഷിക്കുന്ന നിലവാരം പുലർത്തുന്നതാണ്. ശുദ്ധജലത്തിൻറെ ഗുണനിലവാരം ഓരോ മണിക്കൂർ ഇടവിട്ട് നിരീക്ഷിക്കാൻ പമ്പയിൽ ഗുണനിലവാര ലബോറട്ടറിയും ജലവിതരണത്തിന്റെ മേൽനോട്ടം വഹിക്കാൻ അസി. എൻജിനിയറുടെ നേതൃത്വത്തിൽ കൺട്രോൾ റൂമുമുണ്ട്. പമ്പയിലെ വാട്ടർ അതോറിറ്റിയുടെ എൻഎബിഎൽ അക്രഡിറ്റേഷനുള്ള ലബോറട്ടറിയിൽ കർശന പരിശോധന നടത്തിയ ശേഷമാണ് കുടിവെള്ളം വിതരണം നടത്തുന്നത്. ഇൻടേക്ക് പമ്പ്ഹൗസ് പരിസരത്തേക്ക് ആളുകൾ കടന്ന് മാലിന്യം ഉണ്ടാകാതിരിക്കാൻ പോലീസ് സഹായത്തോടെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നുണ്ട്. വാട്ടർ കിയോസ്കുകൾ കൃത്യമായി വൃത്തിയായി സൂക്ഷിക്കുന്നതിനും ജീവനക്കാരെ നിയമിക്കുന്നു.

# പൊതുതെളിവെടുപ്പ് നവംബർ 19 ന്

കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ മുൻപാകെ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് 2022 ഏപ്രിൽ 1 മുതൽ 5 വർഷത്തേക്കുള്ള മൂലധന നിക്ഷേപ പദ്ധതി അംഗീകരിക്കുന്നതിനായുള്ള പെറ്റീഷനും അഡീഷണൽ സബ്മിഷനും (OP No. 65/2023) സമർപ്പിച്ചിട്ടുണ്ട്. ഇവ കമ്മീഷന്റെ വെബ്സൈറ്റിൽ (www.erckerala.org) ലഭ്യമാണ്. പെറ്റീഷനിൽ ഡിസ്ട്രിബ്യൂഷൻ ബിസിനസ് യൂണിറ്റുമായി ബന്ധപ്പെട്ട രണ്ടാമത്തെ പൊതുതെളിവെടുപ്പ് നവംബർ 19 ന് കമ്മീഷന്റെ തിരുവനന്തപുരത്ത് വെള്ളയമ്പലത്തുള്ള കോർട്ട് ഹാളിൽ രാവിലെ 10.30 ന് നടത്തും. പൊതുതെളിവെടുപ്പിൽ നേരിട്ട് പങ്കെടുക്കാൻ സാധിക്കാത്തവർക്ക് വീഡിയോ കോൺഫറൻസ് മുഖാന്തിരവും പങ്കെടുക്കാം. വീഡിയോ കോൺഫറൻസ് മുഖാന്തിരം പങ്കെടുക്കാൻ താൽപര്യമുള്ളവർ നവംബർ 18 ഉച്ചയ്ക്ക് 12 മണിക്ക് മുൻപായി പേരും വിശദവിവരങ്ങളും ഫോൺ നമ്പർ, ഇമെയിൽ ഐഡി സഹിതം കമ്മീഷൻ സെക്രട്ടറിയെ kserc@erckerala.org ഇമെയിലിൽ അറിയിക്കണം. തപാൽ മുഖേനയും ഇമെയിൽ വഴിയും (kserc@erckerala.org) പൊതുജനങ്ങൾക്ക് നവംബർ 19 വൈകിട്ട് 5 വരെ അഭിപ്രായങ്ങൾ രേഖപ്പെടുത്താം. തപാൽ മുഖേന അയയ്ക്കുന്ന അഭിപ്രായങ്ങൾ സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, കെ.പി.എഫ്.സി ഭവനം, സി.വി. രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം വിലാസത്തിൽ അയക്കണം.

കേരള സ്കൂൾ ശാസ്ത്രോത്സവം & വൊക്കേഷണൽ എക്സ്പോ 2024

2024 നവംബർ 15–18
ആലപ്പുഴ

ഉദ്ഘാടനം
ശ്രീ. പിണറായി വിജയൻ
ബഹു. മുഖ്യമന്ത്രി

അധ്യക്ഷൻ
ശ്രീ. വി.ശിവൻകുട്ടി
ബഹു. പൊതുവിദ്യാഭ്യാസം, തൊഴിൽ വകുപ്പ് മന്ത്രി

വിശിഷ്ടാതിഥികൾ
ശ്രീ. സജി ചെറിയാൻ
ബഹു. ഫിഷറീസ്, യുവജന ക്ഷേമം, സാംസ്കാരിക വകുപ്പ് മന്ത്രി
ശ്രീ. പി.പ്രസാദ്
ബഹു. കൃഷി വകുപ്പ് മന്ത്രി

നവംബർ 15, വെള്ളിയാഴ്ച
വൈകുന്നേരം 4 മണിക്ക്

സെന്റ് ജോസഫ്സ് ഗേൾസ് ഹയർസെക്കണ്ടറി സ്കൂൾ, ആലപ്പുഴ



സമാപന സമ്മേളനം

ഉദ്ഘാടനം
ശ്രീ കെ എൻ ബാലഗോപാൽ
ബഹു. ധനകാര്യ വകുപ്പ് മന്ത്രി

അധ്യക്ഷൻ
ശ്രീ. വി.ശിവൻകുട്ടി
ബഹു. പൊതുവിദ്യാഭ്യാസം, തൊഴിൽ വകുപ്പ് മന്ത്രി

സമ്മാനദാനം
ശ്രീ. സജി ചെറിയാൻ
ബഹു. ഫിഷറീസ്, യുവജന ക്ഷേമം, സാംസ്കാരിക വകുപ്പ് മന്ത്രി
ശ്രീ. പി.പ്രസാദ്
ബഹു. കൃഷി വകുപ്പ് മന്ത്രി

നവംബർ 18 തിങ്കൾ
വൈകുന്നേരം 4 മണിക്ക്

സെന്റ് ജോസഫ്സ് ഗേൾസ് ഹയർസെക്കണ്ടറി സ്കൂൾ, ആലപ്പുഴ

പ്രധാന വേദികൾ
ശാസ്ത്രമേള : ലിയോതേർട്ടീന്ത് HSS
ഗണിതശാസ്ത്രം : ലജനത്തുൽ മുഹമ്മദിയ HSS
സാമൂഹ്യശാസ്ത്രം : സെന്റ് ജോസഫ്സ് GHSS
ഐ.ടി. : സെന്റ് ജോസഫ്സ് GHSS
പ്രവൃത്തി പരിചയം : എസ്.ഡി.വി. BHSS & GHS
വൊക്കേഷണൽ എക്സ്പോ : ലിയോതേർട്ടീന്ത് HSS
കരിയർ സെമിനാർ : ലിയോതേർട്ടീന്ത് HSS
കരിയർ എക്സിബിഷൻ : ലിയോതേർട്ടീന്ത് HSS
എന്റർടൈൻമെന്റ് : ലിയോതേർട്ടീന്ത് HSS

കേരള സർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്